# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പേരാമ്പ്ര ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAKKD/P5/1705/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 18/12/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പേരാമ്പ്ര ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പേരാമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പേരാമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAKKD/P5/1705/23 തീയ്യതി: 18/12/2023

## കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 31-01-2023 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജോഷോ ബെന്നറ്റ് ജോൺ, കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 12-10-2023 | 20-10-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-10-2023 | 20-10-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.സതീഷ് കുമാർ.കെ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)

ശ്രീമതി.ഷൈനി.പി, അസി.ഓഡിറ്റ് ഓഫീസർ,
ശ്രീ.ദേവാനന്ദ്.ടി,സീ.ഗ്രേ.ഓഡിറ്റർ,
ശ്രീ.വിജേഷ്.കെ.കെ, ഓഡിറ്റർ,
ശ്രീമതി.അപർണ്ണ.ഡി,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വി.കെ.പ്രമോദ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ഷിജു.എൽ.എൻ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാജീവൻ.വി.വി | അസി.സെക്രട്ടറി | 01-04-2022 | 04-11-2022 |
| സജിത് കുമാർ.ഇ.പി | അസി.സെക്രട്ടറി | 05-11-2022 | 31-03-2023 |
| ഷെറിൻ റിഷാദ് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| സൗദ.കെ.സി | അസി.എഞ്ചിനിയർ | 01-04-2022 | 17-10-2022 |
| ശശികുമാർ.ആർ | അസി.എഞ്ചിനിയർ | 18-10-2022 | 31-03-2023 |
| ഡോ.വിജിത.വി | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ.നർദ.ബി | മെഡിക്കൽ ഓഫാസർ(ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ.ഗോപാലകൃഷ്ണൻ | മെഡിക്കൽ ഓഫീസർ (പി.എച്.സി) | 01-04-2022 | 31-03-2023 |
| പ്രദീഷ് കുമാർ.ഇ | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ഷഫ്ന.ഇ | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ജിഷ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| രാജൻ.കെ.പി | ഹെഡ് മാസ്റ്റർ | 01-04-2022 | 31-03-2023 |
| പ്രീത.എൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 09-01-2023 |
| രേഷ്മ.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10-01-2023 | 31-03-2023 |
| ശ്യാംചന്ദ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷികകണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-2 |
| 4 | മുൻ വർഷ ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് ഓപ്പണിംഗ് ബാലൻസ് ആയി കൊണ്ടുവന്നതിൽ വ്യത്യാസം. | 1-1-3 |
| 5 | ബാങ്ക് സ്റ്റേറ്റ്മെന്റ്, റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല. | 1-1-4 |
| 6 | റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസും വാർഷിക കണക്ക് പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | കാലാവധി കഴിഞ്ഞ ചെക്കുകൾ സ്റ്റെയിൽ ചെക്ക് ഹെഡിലേക്ക് മാറ്റിയില്ല | 1-1-6 |
| 8 | ചെക്ക് തുകകൾ നാളിതുവരെ ക്രഡിറ്റ് ആയിട്ടില്ല. | 1-1-7 |
| 9 | തൊഴിൽ നികുതി ഡി.സി.ബി രജിസ്റ്റർ പ്രകാരം ഉള്ള കണക്കും വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | വസ്തു നികുതി ഡി സി ബി സ്റ്റേറ്റ്മെന്റ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | വാർഷിക കണക്കിനെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. | 1-1-10 |
| 12 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ വരുത്തുന്നില്ല | 1-1-11 |
| 13 | സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് നീക്കിയിരിപ്പ് യഥാർത്ഥ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. | 1-1-12 |
| 14 | B4- പ്രകാരമുള്ള നീക്കിയിരിപ്പും B-17 പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല | 1-1-13 |
| 15 | സംയുക്ത ഫണ്ട് ഇനത്തിൽ വലിയ തുക ചെലവഴിക്കാൻ ശേഷിക്കുന്നു | 1-1-14 |
| 16 | ബെനിഫിഷ്യറി കോൺട്രിബ്യൂഷൻ നീക്കിയിരിപ്പ് ഇനം വ്യക്തമല്ല. | 1-1-15 |
| 17 | ബജറ്റ് | 1-2 |
| 18 | സാമ്പത്തിക വിശകലനം (റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | 1-3 |
| 19 | ഫണ്ട് വിനിയോഗം | 1-4 |
| 20 | പദ്ധതി അവലോകനം | 1-5 |
| 21 | ക്ഷേമ പദ്ധതികൾ | 1-6 |
| 22 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 23 | ആഭ്യന്തരനിയന്ത്രണം | 1-8 |
| 24 | ടാക്സ് ഓഡിറ്റ് | 1-9 |
| 25 | തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ നികുതിയിൽ വർധനവ് വരുത്തിയില്ല. | 1-10 |
| 26 | FTE&OS ലൈസൻസ്- ട്യൂട്ടോറിയൽ രജിസ്ട്രേഷൻ അപാകതകൾ | 1-11 |
| 27 | തൊഴിൽനികുതി പിരിവ് - അപാകതകൾ | 1-12 |
| 28 | കെട്ടിടമുറികൾ വാടകയ്ക്ക് നൽകിയില്ല | 1-13 |
| 29 | ക്ഷേമപെൻഷൻ - അനർഹരെ സമയബന്ധിതമായി പെൻഷൻ രജിസ്റ്ററിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള സംവിധാനം നിലവിലില്ല. | 1-14 |
| 30 | വക്കീൽ ഫീസ് - അധിക തുക അനുവദിച്ചു. | 1-15 |
| 31 | കളിസ്ഥലം വാങ്ങൽ - വഴി സൗകര്യം ഇല്ലാത്ത സ്ഥലം വാങ്ങി | 1-16 |
| 32 | എം.സി.എഫിലേക്ക് ബെയിലിംഗ് മെഷീൻ വാങ്ങൽ - അടിസ്ഥാന സൗകര്യങ്ങളില്ലാതെ മെഷീൻ വാങ്ങി. | 1-17 |
| 33 | ഗ്രാമസഭയുടെ അംഗീകാരമില്ലാതെ ഗുണഭോക്തൃപട്ടിക തയ്യാറാക്കി | 1-18 |
| 34 | കോൺക്രീറ്റ് പേവിംഗ് - ഫോം വർക്ക് ആവശ്യമില്ലാത്ത പ്രവൃത്തിയിൽ ഫോം വർക്കിന് തുക ഉൾപ്പെടുത്തിയതിനാൽ അധിക ചെലവ് | 1-19 |

| | | |
|---|---|---|
| 35 | മരക്കാടി ലിങ്ക് റോഡ് - സൈറ്റ് ക്ലിയറൻസ് നടത്താതെ മണ്ണ് ഫില്ലിംഗ് പ്രവൃത്തി ചെയ്തു - റോഡ് ഗതാഗതയോഗ്യമാക്കിയില്ല | 1-20 |
| 36 | പ്രവൃത്തിയുടെ സ്വഭാവം മാറിയിട്ടും കരാർ റദ്ദാക്കാതെ നിർവ്വഹണം നടത്തി - പഞ്ചായത്ത് ഫണ്ടിന് അധിക ചെലവ് | 1-21 |
| 37 | പൊതുകുടിവെള്ളപദ്ധതികളുടെ നവീകരണം - എസ്റ്റിമേറ്റിൽ ഇല്ലാത്ത ഇനങ്ങൾ ചെയ്തു - പുതുക്കിയ എസ്റ്റിമേറ്റിന് ഭരണസമിതിയുടെ അംഗീകാരം ലഭ്യമാക്കിയില്ല | 1-22 |
| 38 | ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രം - അവലോകനം | 1-23 |
| 39 | അസിസ്റ്റന്റ് എഞ്ചിനീയർ - പദ്ധതി ചെലവ് 28% മാത്രം | 1-24 |
| 40 | ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല | 1-25 |
| 41 | വനിതകൾക്ക് വെൽനസ്സ് സെന്റർ - പദ്ധതി പ്രാവർത്തികമായില്ല | 1-26 |
| 42 | വയോജനങ്ങൾക്ക് കട്ടിൽ - പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ | 1-27 |
| 43 | തിരസ്കൃതമാലിന്യങ്ങൾ കയ്യൊഴിയൽ - ഗ്രാമപഞ്ചായത്തിന് വലിയ തുക ചെലവ് | 1-28 |
| 44 | നീലോത്ത് മീത്തൽ കുടിവെള്ള പദ്ധതി - മോട്ടോർ സ്ഥാപിക്കൽ | 1-29 |
| 45 | തുക കൈമാറിയെങ്കിലും മുഴുവൻ തുകയ്ക്കുള്ള മരുന്നും ലഭ്യമായില്ല | 1-30 |
| 46 | മെറ്റീരിയൽ കലക്ഷൻ ഫെസിലിറ്റി സൗകര്യങ്ങൾ അപര്യാപ്തം | 1-31 |
| 47 | സി.എഫ്.സി ഗ്രാന്റ് തുകയുടെ വരവ് ചെലവുകൾ പൊരുത്തപ്പെടുന്നില്ല | 1-32 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215 (4) പ്രകാരം പഞ്ചായത്തിന്റെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെ.എസ്.എ.ഡി ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഭരണസമിതിയുടെ 07.07.2023 തിയ്യതിയിലെ 4(1)/23 തീരുമാന പ്രകാരം തയ്യാറാക്കി 22.07.2023 തീയതിയിൽ പിൻതുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പേരാമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31- ന് അവസാനിച്ച വർഷത്തിലെ രസീത്, പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് അക്കൗണ്ട് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഒരു ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3.എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പേരാമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 വാർഷികകണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക കണക്കിൽ അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് , അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ, റേഷ്യോസ് എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഉദാ:- തൻ വർഷം നിർമ്മിച്ച "മരക്കാടി ലിങ്ക് റോഡ്" ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ഈ ആസ്തി ചെലവ് വാർഷിക കണക്കിലെ B-3 യിലും പ്രതിഫലിച്ചിട്ടില്ല.

**1-1-3 മുൻ വർഷ ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് ഓപ്പണിംഗ് ബാലൻസ് ആയി കൊണ്ടുവന്നതിൽ വ്യത്യാസം.**

2021-22 വാർഷിക കണക്ക് ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുകകൾ 2022-23 വാർഷിക കണക്കിൽ ഓപ്പണിംഗ് ബാലൻസ് ആയി കൊണ്ടുവന്നതിൽ വ്യത്യാസം.

A) 2021-22 വാർഷിക കണക്ക് ബാലൻസ് ഷീറ്റ് B17 ലെ ട്രഷറി അക്കൗണ്ടുകളായ ചുവടെ കൊടുത്ത അക്കൗണ്ടുകളിൽ നീക്കിയിരിപ്പായി കാണിച്ച 135,603/- രൂപ 2022-23 വാർഷിക കണക്കിലെ ട്രയൽ ബാലൻസിൽ ഓപ്പണിംഗ് ബാലൻസ് ആയി കൊണ്ടുവന്നിട്ടില്ല. ഇവയുടെ ട്രഷറി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുകയോ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കുകയോ ചെയ്തിട്ടില്ല.

| | Head Code | അക്കൗണ്ട് നം | തുക |
|---|---|---|---|
| 1 | 450250110 | ട്രഷറി ടി.എസ്.ബി അക്കൗണ്ട് | 74,000 |
| 2 | 50250201 | ട്രഷറി അക്കൗണ്ട് കോവിഡ് | 7,245 |
| 3 | 450650109 | ട്രഷറി സ്പെ.ടി.എസ്.ബി ജോയിന്റ് വെഞ്ചർ | 54,358 |
| | | ആകെ | 135,603/- |

B) 2021-22 വാർഷിക കണക്ക് ബാലൻസ് ഷീറ്റ് B11 പ്രകാരമുള്ള ചുവടെ കൊടുത്ത ആസ്തികളുടെ നീക്കിയിരിപ്പാണ് (Rs.79,93,206/-) 2022-23 വാർഷിക കണക്കിലെ ട്രയൽ ബാലൻസിൽ ഓപ്പണിംഗ് ബാലൻസായി കൊണ്ടുവരേണ്ടത്. എന്നാൽ 2022-23 ൽ ഓപ്പണിംഗ് ബാലൻസ് ആയി കൊണ്ടുവന്നത് 1,07,61,591/- രൂപയാണ്. അതായത് 2021-22 വാർഷിക കണക്കിലെ B-11 ലുള്ളതിനെക്കാൾ 2,768,385/-രൂപ അധികമാണ് 2022-23ൽ ഓപ്പണിംഗ് ബാലൻസ് ആയി ഉൾപ്പെടുത്തിയ തുക.

| ക്രമ നം | Head Code | ഇനം (2021-22) | തുക |
|---|---|---|---|
| 1 | 410300399 | Other Construction | 7685704 |
| 2 | 410500101 | Irrigation Sources | 100000 |
| 3 | 410500102 | Irrigation Distribution System | 207502 |
| | | ആകെ | 7993206 |

**1-1-4 ബാങ്ക് സ്റ്റേറ്റ്മെന്റ്, റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല.**

2022-23 വാർഷിക കണക്ക് ബാലൻസ് ഷീറ്റ് B-17ൽ Nationalised Bank A/c Of Own Revenue Fund എന്ന പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ 19567/-രൂപ നീക്കിയിരിപ്പുള്ളതായി കാണിച്ചിട്ടുണ്ട്. എന്നാൽ ഈ അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ്, റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല.

**1-1-5 റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസും വാർഷിക കണക്ക് പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.**

ചുവടെ കൊടുത്ത അക്കൗണ്ടുകളുടെ മാർച്ച് മാസത്തെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാങ്ക് ബുക്ക് ബാലൻസും വാർഷിക കണക്ക് ബാലൻസ്ഷീറ്റ് B-17ലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

| അക്കൗണ്ട് നം | റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 31-03-2023ലെ ബാങ്ക് ബുക്ക് ബാലൻസ് | വാർഷിക കണക്ക് B-17 പ്രകാരം നീക്കിയിരിപ്പ് | വ്യത്യാസം |
|---|---|---|---|
| South Indian Bank – Own Fund-2102 | 1,17,35,792/- | 1,18,16,529/- | 80,737/- |
| SBI-Sand Account | 4,71,544/- | 7,91,544/- | 3,20,000/- |
| SBI E Payment 1606 | 9,37,210/- | 24,79,850/- | 1,542,640/- |

**1-1-6 കാലാവധി കഴിഞ്ഞ ചെക്കുകൾ സ്റ്റെയിൽ ചെക്ക് ഹെഡിലേക്ക് മാറ്റിയില്ല**

കാനറാ ബാങ്ക് -28334 നമ്പർ അക്കൗണ്ടിൽ സ്ഥാപനം ഇഷ്യൂ ചെയ്ത് മൂന്ന് മാസത്തിൽ കൂടുതലായതും പണമാക്കാത്തതുമായ ചുവടെ കൊടുത്ത ചെക്കുകൾ സ്റ്റെയിൽ ചെക്ക് എന്ന ഹെഡിലേക്ക് കൊണ്ടുവന്നിട്ടില്ല.

| വൗച്ചർ നം | വൗച്ചർ തീയതി | ഇൻസ്ട്രുമെന്റ് നം | ഇൻസ്ട്രുമെന്റ് തീയതി | തുക |
|---|---|---|---|---|
| 22000570 | 27.08.2020 | 532660 | 27.08.2020 | 33,635 |
| 22200115 | 22.05.2022 | 430410 | 10.05.2022 | 22,065 |

**1-1-7 ചെക്ക് തുകകൾ നാളിതുവരെ ക്രഡിറ്റ് ആയിട്ടില്ല.**

ചുവടെ കൊടുത്ത അക്കൗണ്ടുകളിൽ നിക്ഷേപിച്ച ചെക്ക് തുകകൾ നാളിതുവരെ ക്രഡിറ്റ് ആയിട്ടില്ല. ഇവ നാളിതുവരെ ക്രമീകരിച്ചിട്ടില്ല.

A) കാനറാ ബാങ്ക് - അക്കൗണ്ട് നം-28334

| വൗച്ചർ നം | വൗച്ചർ തീയതി | ഇൻസ്ട്രുമെന്റ് നം | ഇൻസ്ട്രുമെന്റ് തീയതി | തുക |
|---|---|---|---|---|
| 121050500270 | 19.02.22 | 10505852 | 19.02.22 | 1,396 |
| 120160900073 | 17.03.22 | 4 | 17.03.22 | 62,500 |
| 121050500263 | 19.02.22 | 10505852 | 19.02.22 | 360 |
| 120050500017 | 27.08.20 | 140298 | 30.05.20 | 1,250 |
| 1421050500265 | 19.02.22 | 10505852 | 19.02.22 | 7,493 |
| 121050900128 | 18.02.22 | 5 | 15.02.22 | 6,250 |

B) SBI E Payment 1606 നമ്പർ അക്കൗണ്ടിൽ 08/2022 മുതലുള്ള തുകകൾ Cheque Deposit But Not Cleared ആയി കാണുന്നുണ്ട്.

C) Perambra Rural Co-operative Bank (തനത് ഫണ്ട്) ലെ A/c No.4167 ൽ Cheque Deposit But Not Cleared ആയി 01-10-2022ൽ 400/-രൂപ കാണുന്നു.

**1-1-8 തൊഴിൽ നികുതി ഡി.സി.ബി രജിസ്റ്റർ പ്രകാരം ഉള്ള കണക്കും വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല**

തൊഴിൽ നികുതി ട്രേഡേഴ്സ്, തൊഴിൽ നികുതി എംപ്ലോയീസ് എന്നിവയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരം ഉള്ള കണക്കും വാർഷിക കണക്ക് പ്രകാരമുള്ള കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

A) തൊഴിൽ നികുതി (ട്രേഡേഴ്സ്) ഡിസിബി രജിസ്റ്ററിലെ കണക്കുകളും വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല.

രജിസ്റ്റർ പ്രകാരം

| തൊഴിൽ നികുതി (ട്രേഡ്സ്) ഡിമാന്റ് | കലക്ഷൻ | കുടിശ്ശിക |
|---|---|---|
| 19,48,900 | 18,58,900 | 90,000 |

വാർഷിക കണക്ക് പ്രകാരം

| തൊഴിൽ നികുതി (ട്രേഡ്സ്) ഡിമാന്റ് | കലക്ഷൻ | കുടിശ്ശിക |
|---|---|---|
| 1858900 (I&E-2022-23) | 1899430 (RP-45, 2022-23) + B9 Advance (2021-22) | 40000 (2022-23 B15) |

**1-1-9 വസ്തു നികുതി ഡി സി ബി സ്റ്റേറ്റ്മെന്റ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല**

വസ്തു നികുതി ഡി സി ബി സ്റ്റേറ്റ്മെന്റ് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവും കുടിശ്ശികയും വാർഷിക കണക്ക് പ്രകാരമുള്ള വരവും കുടിശ്ശികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

വരവ് വ്യത്യാസം

| ഇനം | ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം വരവ് | 2022-23 വാർഷിക കണക്ക് പ്രകാരം വരവ് |
|---|---|---|
| വസ്തു നികുതി റസിഡൻഷ്യൽ (Current) | 21,18,176 | 20,92,194 |
| വസ്തു നികുതി നോൺ റസിഡൻഷ്യൽ (Current) | 79,87,560 | 78,89,571 |
| വസ്തു നികുതി | 2,278 | 2,131 |

| | | |
|---|---|---|
| റസിഡൻഷ്യൽ (Arrear) | | |

<u>കുടിശ്ശികയിലെ വ്യത്യാസം</u>

| ഇനം | 2022-23 ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം കുടിശ്ശിക | 2022-23 വാർഷിക കണക്ക് പ്രകാരം കുടിശ്ശിക |
|---|---|---|
| വസ്തു നികുതി നോൺ റസിഡൻഷ്യൽ (Current Balance) | 3,66,439 | 3,84,769 |
| വസ്തു നികുതി നോൺ റസിഡൻഷ്യൽ (Arrear Balance) | 68,856 | 72,312 |

**<u>1-1-10 വാർഷിക കണക്കിനെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.</u>**

പഞ്ചായത്തിൽ വാർഷിക കണക്കിനെ സാധൂകരിക്കുന്ന രീതിയിൽ അഡ്വാൻസ് രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ഇതിനാൽ ഇവയുടെ കൃത്യത വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി പരിശോധിക്കാൻ സാധിച്ചിട്ടില്ല.

**<u>1-1-11 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ വരുത്തുന്നില്ല</u>**

ഡിമാന്റുകളുടെ എൻട്രി സാമ്പത്തിക വർഷാദ്യം ചെയ്യേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ സാമ്പത്തിക വർഷാവസാനവും സാമ്പത്തിക വർഷത്തിന്റെ മധ്യത്തിലുമാണ് മുഴുവൻ ഡിമാന്റ് എൻട്രികളും വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നത്.

**<u>1-1-12 സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് നീക്കിയിരിപ്പ് യഥാർത്ഥ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.</u>**

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റിന്റെ (PFMS മുഖേനയുള്ള ടൈഡ്, അൺ ടൈഡ് എന്നിവയുടെ) നീക്കിയിരിപ്പ് എ.സി.ആർ പ്രകാരം ആകെ 5,383,104/- രൂപയാണ്. എന്നാൽ സി.എഫ്.സി തുക നിക്ഷേപിച്ച ഫെഡറൽ ബാങ്ക് അക്കൗണ്ടിന്റെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ബാങ്ക് ബുക്ക് നീക്കിയിരിപ്പ് 55,62,572/- രൂപയാണ്. അതായത് 1,79,468/-രൂപയുടെ വ്യത്യാസം കാണുന്നു. ഈ വ്യത്യാസത്തിന് കാരണം വിശദീകരിക്കേണ്ടതാണ്. കൂടാതെ വാർഷിക കണക്കിൽ CFC-Tied ഫണ്ട് ചെലവ് മൂന്നിൽ തുടങ്ങുന്ന ലയബിലിറ്റി ഹെഡിൽ നിന്നും ഇൻകം & എക്സ്പന്റീച്ചർ I-6 ലേക്ക് മാറ്റിയിട്ടില്ല.

### 1-1-13 B4- പ്രകാരമുള്ള നീക്കിയിരിപ്പും B-17 പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്ക് ബാലൻസ് ഷീറ്റിലെ B4- പ്രകാരമുള്ള നീക്കിയിരിപ്പും B-17 പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ ചുവടെ കൊടുത്ത ഇനങ്ങൾ പൊരുത്തപ്പെടുന്നില്ല.

| ഇനം | B-4 സ്റ്റേറ്റ്മെന്റ് പ്രകാരം | B-17 സ്റ്റേറ്റ്മെന്റ് പ്രകാരം |
|---|---|---|
| MGNREGA | 31908 | 23993 |
| CFC | 12875326 | 5562572 |

### 1-1-14 സംയുക്ത ഫണ്ട് ഇനത്തിൽ വലിയ തുക ചെലവഴിക്കാൻ ശേഷിക്കുന്നു

വാർഷിക കണക്ക് ബാലൻസ് ഷീറ്റ് B-4 സ്റ്റേറ്റ്മെന്റ് പ്രകാരം സംയുക്ത ഫണ്ട് ഇനത്തിൽ ആകെ 4,181,369/- രൂപ ചെലവഴിക്കാൻ ശേഷിക്കുന്നു. വിശദ വിവരം ചുവടെ പട്ടികയിൽ കൊടുക്കുന്നു.

| Head | ഇനം | നീക്കിയിരിപ്പ് തുക |
|---|---|---|
| 320700105 | Joint Venture (Capital Expenditure) From District Panchayath | 3,552,723 |
| 320700204 | Joint Venture (Revenue Expenditure) From Block Panchayath | 5,25,000 |
| 320700205 | Joint Venture ( Revenue Expenditure) From District Panchayath | 1,03,646 |
| | ആകെ | 4,181,369/- |

സംയുക്ത പ്രോജക്റ്റുകൾക്കായി ഇത്രയും തുക ചെലവഴിക്കാതെ നീക്കിയിരിപ്പായി പഞ്ചായത്ത് തനത് ഫണ്ടിൽ സൂക്ഷിക്കുന്നു. ചെലവഴിക്കാത്ത ഈ തുക തിരികെ നൽകുകയോ ഏത് പദ്ധതികൾക്കാണ് തുക ലഭിച്ചത് എന്ന വിവരം ലഭ്യമാക്കിയിട്ടില്ല. ഈ തുക എന്ന് ലഭ്യമായ തുകയാണ് എന്ന് വ്യക്തമാക്കുന്നതിന് തനത് ഫണ്ട് അക്കൗണ്ടിന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ലഭ്യമായ ഈ തുക സംബന്ധിച്ച് പഞ്ചായത്തിൽ വ്യക്തമായ കണക്ക് സൂക്ഷിക്കാത്തതിനാൽ വാർഷിക കണക്ക് പ്രകാരമുള്ള നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

### 1-1-15 ബെനിഫിഷ്യറി കോൺട്രിബ്യൂഷൻ നീക്കിയിരിപ്പ് ഇനം വ്യക്തമല്ല.

B-4 സ്റ്റേറ്റ്മെന്റ് പ്രകാരം ബെനിഫിഷ്യറി കോൺട്രിബ്യൂഷൻ ഇനത്തിൽ 143,349/- രൂപ നീക്കിയിരിപ്പായി കാണുന്നുണ്ട്. എന്നാൽ ഇത് ഏത് പദ്ധതിയുടെ ഭാഗമായുള്ള നീക്കിയിരിപ്പാണ് എന്നോ ഇതിൽ ഗുണഭോക്താക്കൾക്ക് തിരിച്ച് നൽകേണ്ട തുക എത്ര എന്നോ വ്യക്തമല്ല.

### 1-2 ബജറ്റ്

ഓഡിറ്റ് വർഷത്തെ ബജറ്റ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 23/03/2022 തിയ്യതിയിലെ 01/ 22-23 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് ഭരണസമിതിയുടെ 23/03/2023 തിയ്യതിയിലെ 05/1 നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്ക്

| ഇനം | ബജറ്റ് പ്രകാരം |
|---|---|
| മുന്നിരിപ്പ് | 30,81,021 |
| വരവ് | 46,31,44,000 |
| ആകെ | 46,62,25,021 |

| | |
|---|---|
| ചെലവ് | 46,33,87,247 |
| നീക്കിയിരിപ്പ് | 28,37,774 |

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുൻബാക്കി | 19,871,164 |
| വരവ് | 82,234,811 |
| ആകെ | 1,02,105,975 |
| ചെലവ് | 66,161,142 |
| നീക്കിയിരിപ്പ് | 35,944,833 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 31985000 | 31985000 | 28376073 | 3608927 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 10740000 | 10740000 | 9447003 | 1292997 |
| മെയിന്റനൻസ്, റോഡ് | 0 | 9321700 | 9321700 | 3510795 | 5810905 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 6953000 | 6953000 | 2069716 | 4883284 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് (ട്രഷറി മുഖേന) | 0 | 665166 (ACR പ്രകാരം ) | 665166 | 361605 (ACR പ്രകാരം ) | 303561 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് ( PFMSമുഖേന) | 439916 (2021-22 B-17 പ്രകാരം | 4245565 (ACR പ്രകാരവും പലിശ വരവും ഉൾപ്പെടെ) (Interest- 272565/-) (ACR പ്രകാരം) 39,73,008) | 4685481 | 4081249 ( ACR പ്രകാരം) | 604232 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് (ട്രഷറി മുഖേന) | 0 | 2426561 (ACR പ്രകാരം) | 2426561 | 1496291 (ACR പ്രകാരം) | 930270 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് (PFMS മുഖേന) | 2262014 (2021-22 ബി 4 പ്രകാരം) | 5959000 (ACR പ്രകാരം) | 8221014 | 3442142 (ACR പ്രകാരം) | 4778872 |

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റിന്റെ (PFMS മുഖേനയുള്ള ടൈഡ്, അൺ ടൈഡ് എന്നിവയുടെ) നീക്കിയിരിപ്പ് എ.സി.ആർ പ്രകാരം ആകെ 53,83,104/- രൂപയാണ്. എന്നാൽ സി.എഫ്.സി തുക നിക്ഷേപിച്ച ഫെഡറൽ ബാങ്ക് അക്കൗണ്ടിന്റെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ബാങ്ക് ബുക്ക് നീക്കിയിരിപ്പ് 55,62,572/- രൂപയാണ്. അതായത് 1,79,468/-രൂപയുടെ വ്യത്യാസം കാണുന്നു. ഈ വ്യത്യാസത്തിന് കാരണം വിശദീകരിക്കേണ്ടതാണ്. (വിശദ വിവരം ഖണ്ഡിക 1-32 ൽ നൽകിയിട്ടുണ്ട്)

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കിയ (എണ്ണം) | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 180 | 154946555 | 134 | 73664997 | 46 | 74.44 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 3347541 | 3135170 | 93.66 |
| വെറ്ററിനറി സർജൻ | 6 | 6 | 2754374 | 1679374 | 60.97 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 5 | 5 | 1693733 | 1503198 | 88.75 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 2 | 700000 | 700000 | 100 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 2 | 1203400 | 143440 | 11.92 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 22 | 20 | 55276314 | 17310813 | 31.32 |
| ഐ.സി.ഡി.എസ് | 8 | 8 | 8531100 | 7931785 | 92.97 |

| | | | | | |
|---|---|---|---|---|---|
| സൂപ്പർവൈസർ | | | | | |
| സെക്രട്ടറി | 51 | 35 | 25019150 | 18464172 | 73.80 |
| ഹെഡ് മാസറ്റർ | 7 | 7 | 2025000 | 2011627 | 99.34 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 59 | 33 | 46027469 | 13056949 | 28.37 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 3658124 | 3658124 | 100 |
| അസി.സെക്രട്ടറി | 9 | 7 | 4710350 | 4070345 | 86.41 |
| ആകെ | 180 | 134 | 154946555 | 73664997 | 47.54 |

ഡി.പി.സി. അംഗീകാരം ലഭിച്ച 180 പ്രൊജക്ടുകളിൽ 134 എണ്ണം ഓഡിറ്റ് വർഷം നടപ്പാക്കിയിട്ടുണ്ട്. ആകെ പദ്ധതി അടങ്കലായി 15,49,46,555/-രൂപ വകയിരുത്തിയതിൽ 7,36,64,997/- രൂപ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. വികസനഫണ്ട്, സംരക്ഷണഗ്രാന്റ് എന്നിവ പൂർണ്ണമായും ചെലവഴിക്കാത്തതിനാൽ വലിയൊരു തുക ഗ്രാമപഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ | 0 | 31985000 | 31985000 | 28376073 | 3608927 |
| വികസന ഫണ്ട് -എസ്.സി.പി | 0 | 10740000 | 10740000 | 9447003 | 1292997 |
| മെയിന്റനൻസ്, റോഡ് | 0 | 9321700 | 9321700 | 3510795 | 5810905 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 6953000 | 6953000 | 2069716 | 4883284 |
| | | 58999700 | 58999700 | 43403587 | 15596113 |

പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാത്തതിനാലും, ഫലപ്രദമായ മോണിറ്ററിംഗ് ഇല്ലാത്തതിനാലും ഗ്രാമപഞ്ചായത്തിന്റെ വികസനത്തിനായി ഉപയോഗിക്കേണ്ട 1,55,96,113/-രൂപ നഷ്ടപ്പെട്ടിട്ടുണ്ട്. ഭാവിയിൽ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 9346200 | 869 |
| വിധവാപെൻഷൻ | 14601300 | 1347 |
| വാർദ്ധക്യകാലപെൻഷൻ | 24416600 | 2330 |
| വികലാംഗപെൻഷൻ | 4071000 | 372 |
| 50 വയസ്സു കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 405800 | 38 |
| വിവാഹ ധനസഹായം | 150000 | 5 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18-10-2023, 2.50 Pm ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4,081/- രൂപ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ 17.10.2023 ലെ ഐ.എൽ.ജി.എം.എസ് റിപ്പോർട്ട് പ്രകാരം ഗ്രാമപഞ്ചായത്തിൽ 384 ഫയലുകൾ തീർപ്പാക്കാനവശേഷിക്കുന്നതായി കാണുന്നു. മുൻകൂർ രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. ലോൺ രജിസ്റ്റർ, ആസ്തി രജിസ്റ്റർ എന്നിവ കാലികമാക്കിയിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആയത് കാലികമാക്കിയിട്ടില്ല. വസ്തു നികുതി നിരക്കുകൾ പുതുക്കി നിശ്ചയിച്ച് കരട് വിജ്ഞാപനം പുറപ്പെടുവിക്കുകയും 19.05.2023 തിയ്യതിയിലെ സാധാരണ യോഗത്തിലെ 2(1) തീരുമാന പ്രകാരം നിരക്കുകൾ അന്തിമമാക്കി വിജ്ഞാപനം ചെയ്യുന്നതിന് തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നിലവിലുള്ള 19 വാർഡുകളിൽ ഒരു വാർഡിലെ ഗാർഹിക കെട്ടിടങ്ങളിൽ മാത്രമേ മേൽ പദ്ധതി പ്രകാരം വിവരശേഖരണം നടത്തിയിട്ടുള്ളൂ. ആയതിന്റെ തന്നെ വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തി, വസ്തുനികുതി പരിഷ്കരണത്തിനായുള്ള പ്രവർത്തനങ്ങൾ പഞ്ചായത്ത് ആരംഭിച്ചിട്ടില്ല.

## 1-9 ടാക്സ് ഓഡിറ്റ്

2022-23 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പേരാമ്പ്ര ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി, തൊഴിൽ നികുതി, മറ്റ് നികുതി വരുമാനം എന്നിവയുടെ പിരിവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കുകയുണ്ടായി. അതു സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

അടിസ്ഥാന വിവരങ്ങൾ

ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയ വിവരങ്ങൾ എൻക്വയറി നം.1 (12.10.23), സഞ്ചയ സോഫ്റ്റ്‌വെയറിലെ കണക്കുകൾ എന്നിവ പ്രകാരം പേരാമ്പ്ര ഗ്രാമപഞ്ചായത്തിലെ പത്തൊൻപത് വാർഡുകളിലായി നിലവിൽ നിയമാനുസൃതം നിർമ്മിക്കപ്പെട്ട് പാർപ്പിടാവശ്യത്തിനായി ഉപയോഗിക്കുന്ന 7,545 കെട്ടിടങ്ങളും, പാർപ്പിടേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന 5,648 കെട്ടിടങ്ങളും, 8 ടെലികമ്മ്യൂണിക്കേഷൻ ടവറുകളുമാണ് ഉള്ളത്. കെട്ടിടങ്ങളിൽ 156 എണ്ണം നിയമാനുസൃതം നികുതി ഒഴിവാക്കി കൊടുക്കപ്പെട്ടവയാണ്.

01.04.23 ന് ശേഷം ഓഡിറ്റ് തിയതിവരെ 205 നിയമാനുസൃത കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. കെട്ടിട നിർമാണം പൂർത്തീകരിച്ച് കെട്ടിടനമ്പറിനായി ലഭിച്ച അപേക്ഷകളിൽ നിലവിൽ 8 എണ്ണത്തിന് വസ്തു നികുതി ചുമത്താൻ ശേഷിക്കുന്നുണ്ട്. അനധികൃതമായി നിർമ്മിക്കപ്പെട്ടിട്ടുള്ളതും യു.എ.സി നമ്പർ നൽകി നികുതി ചുമത്തി വരുന്നതുമായ 6 കെട്ടിടങ്ങളും ഗ്രാമപഞ്ചായത്തിൽ ഉണ്ട്.

നികുതി പിരിവ്

നികുതി പിരിവ് വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ എൻക്വയറിയ്ക്ക് (01/23, 10.11.23) നൽകിയ മറുപടി അനുസരിച്ച് പേരാമ്പ ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ അപേക്ഷിച്ച് 2022-23 വർഷത്തിൽ നികുതി വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| | വർഷം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | പിരിവിലുള്ള വർദ്ധനവ് |
|---|---|---|---|---|---|
| വസ്തുനികുതി | 2021-22 | 88,21,175 | 86,68,594 | 1,12,431 | 13,13,171/- രൂപ വർദ്ധനവ് |
| | 2022-23 | 1,03,96,173 | 99,81,765 | 4,14,408 (Book Adjustment 42262) | |

| തൊഴിൽ നികുതി | വർഷം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | വർദ്ധനവ് |
|---|---|---|---|---|---|
| | 2021-22 | 58,23,140 | 58,23,140 | 0 | 8,26,000 |

| | | | | | |
|---|---|---|---|---|---|
| | 2022-23 | 66,49,140 | 66,49,140 | 0 | രൂപ |

വസ്തുനികുതി

2022-23 സാമ്പത്തിക വർഷത്തെ വസ്തുനികുതി ഇനത്തിലെ യഥാർത്ഥ വരവ് 99,81,765/- രൂപയാണ്. ഗ്രാമപഞ്ചായത്തിൽ തൻവർഷം സഞ്ചയപ്രകാരമുള്ള വസ്തുനികുതി ഡിമാന്റിന്റെ നൂറ് ശതമാനവും പിരിവ് വന്നിട്ടില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരം 4,14,408/- രൂപ കുടിശ്ശികയുണ്ട്. എന്നാൽ ഡിമാന്റ് നൂറ് ശതമാനത്തിലേക്ക് എത്തിക്കുവാൻ സാധിച്ചിട്ടില്ല എന്ന് പരിശോധനയിൽ നിന്നും വ്യക്തമാണ്. ഖണ്ഡിക 1-1-10, 1-11, 1-12 എന്നിവ കാണുക.

2022-23 വർഷം വരെ നികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങളുടെ 2023-24 വർഷത്തെ ഡിമാന്റും ഓരോ വർഷവും 5% വീതം നികുതി വർദ്ധിക്കും എന്ന വ്യവസ്ഥയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഡിമാന്റ് നോട്ടീസ് സഞ്ചയ സോഫ്റ്റ്വെയറിൽ ലഭ്യമാകുന്ന 9 എ ഫോറത്തിൽ കെട്ടിട ഉടമകൾക്ക് നൽകേണ്ടതാണെന്ന് 22.03.2023 ലെ സ.ഉ(സാധാ) 77/2023/തസ്വഭവ നമ്പർ ഉത്തരവിലെ ഖണ്ഡിക (5) ൽ നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പ്രകാരം ഡിമാന്റ് നോട്ടീസുകൾ നൽകിയിട്ടില്ല എങ്കിലും സഞ്ചയയിൽ 5% വർദ്ധനവ് വരുത്തിയിട്ടുണ്ടെന്ന് പരിശോധനയിൽ നിന്നും വ്യക്തമാണ്.

ഫീൽഡ് പരിശോധന

കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്വെയറിൽ ചേർത്ത് ആയതിന്റെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ നികുതി പുനർനിർണ്ണയിക്കുന്നതിനാവശ്യമായ വിവരശേഖരണം നടത്തുന്നതിനും ഡാറ്റാ എൻട്രി നടത്തുന്നതിനും ഡിപ്ലോമ (സിവിൽ എഞ്ചിനീയറിങ്ങ്), ഐ.ടി.ഐ ഡ്രാഫ്റ്റ്സ്മാൻ (സിവിൽ), ഐ.ടി.ഐ സർവ്വേയർ എന്നീ യോഗ്യതയിൽ കുറയാത്തവരെ നിയമിക്കാവുന്നതാണെന്ന് നികുതി പരിഷ്കരണം സംബന്ധിച്ച സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ ഉത്തരവ് അനുസരിച്ച് നിലവിലുള്ള കെട്ടിടങ്ങളുടെ വിവരശേഖരണത്തിനും, ഡാറ്റാ എൻട്രിക്കുമായി നിശ്ചിത യോഗ്യതയുള്ളവരെ നിയമിക്കുന്നതിന് 16.5.23 നടന്ന സാധാരണ യോഗത്തിലെ 3 (1)നമ്പർ തീരുമാന പ്രകാരം തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ നിലവിലുള്ള 19 വാർഡുകളിൽ ഒരു വാർഡിലെ ഗാർഹിക കെട്ടിടങ്ങളിൽ മാത്രമേ മേൽ പദ്ധതി പ്രകാരം വിവരശേഖരണം നടത്തിയിട്ടുള്ളൂ. ആയതിന്റെ തന്നെ വിവരങ്ങൾ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തി, വസ്തുനികുതി പരിഷ്കരണത്തിനായുള്ള പ്രവർത്തനങ്ങൾ പഞ്ചായത്ത് ആരംഭിച്ചിട്ടില്ല.

വസ്തു നികുതി നിരക്കുകൾ പുതുക്കി നിശ്ചയിച്ച് കരട് വിജ്ഞാപനം പുറപ്പെടുവിക്കുകയും 19.05.2023 തിയ്യതിയിലെ സാധാരണ യോഗത്തിലെ 2(1) തീരുമാന പ്രകാരം നിരക്കുകൾ അന്തിമമാക്കി വിജ്ഞാപനം ചെയ്യുന്നതിന് തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്.

തൊഴിൽ നികുതി

നികുതി നൽകാൻ ബാധ്യസ്ഥരായവരെല്ലാം നികുതി നൽകിയെന്ന് ഉറപ്പ് വരുത്തണമെങ്കിൽ നികുതിദായകരുടെ പൂർണ്ണമായ ലിസ്റ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഉണ്ടായിരിക്കണം. ഈ ലിസ്റ്റ് തുടർച്ചയായി പുതുക്കുകയും വേണം. ആയതിലേക്ക് പിരിവിന് നിയോഗിക്കപ്പെടുന്ന ജീവനക്കാരുടെ സേവനം പൂർണ്ണമായി പ്രയോജനപ്പെടുത്തണം. തൻ വർഷം തൊഴിൽ നികുതി ഈടാക്കിയ സ്ഥാപനങ്ങളുടേയും, ട്രേഡേഴ്സിന്റേയും, എംപ്ലോയേഴ്സിന്റേയും എണ്ണം കഴിഞ്ഞ വർഷത്തേക്കേൾ കൂടിയിട്ടുണ്ടെങ്കിലും, ഡിമാന്റ് പൂർണ്ണമല്ല എന്ന് ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചുവരുന്ന തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേണുകൾ മുതലായ രേഖകൾ പരിശോധിച്ചതിൽ നിന്നും ഓഡിറ്റ് വിലയിരുത്തുന്നു. ഖണ്ഡിക 1-12 കാണുക.

| സാമ്പത്തിക വർഷം | തൊഴിൽ നികുതി ഈടാക്കിയിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണം | തൊഴിൽ നികുതി ഈടാക്കിയിട്ടുള്ള ട്രേഡേർസിന്റെ എണ്ണം | തൊഴിൽ നികുതി ഈടാക്കിയിട്ടുള്ള എംപ്ലോയേർസിന്റെ എണ്ണം |
|---|---|---|---|
| 2021-22 | 273 | 1417 | 194 |
| 2022-23 | 297 | 1619 | 219 |

തൊഴിൽ നികുതി സംബന്ധിച്ച ലിസ്റ്റ് സ്ഥാപനങ്ങളിൽ നിന്ന് ഓരോ അർദ്ധ വർഷവും യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. ലൈസൻസ്/രജിസ്ട്രേഷൻ/ പെർമിറ്റ് എടുക്കാൻ ബാധ്യസ്ഥരായവർ അവ യഥാസമയം എടുത്തുവെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ അർപ്പിതമായ ബാധ്യത നിറവേറ്റുന്നതിനും ഫീസ്, തൊഴിൽ നികുതി ഇനങ്ങളിൽ ചോർച്ച ഇല്ലാതിരിക്കുന്നതിനും ഓരോ വർഷവും ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കുകയും ലിസ്റ്റ് പൂർണ്ണമാണെന്ന് ഉറപ്പുവരുത്തുകയും വേണം.

FTE&OS ലൈസൻസ്

2022-23 വർഷത്തിൽ FTE&OS ലൈസൻസിന്റെ വരവുമായി ബന്ധപ്പെട്ട പരിശോധനയുടെ ഭാഗമായി ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. കെട്ടിടങ്ങളെ കേന്ദ്രീകരിച്ച് മാത്രമാണ് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. പഞ്ചായത്ത് പരിധിയിലെ ഭൂമി ഉപയോഗപ്പെടുത്തി നടത്തപ്പെടുന്ന വ്യാപാരങ്ങളും വ്യവസായങ്ങളും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുമില്ല (കെട്ടിട നിർമ്മാണ വസ്തുക്കൾ സംഭരിച്ച് വില്പന നടത്തുന്നവർ, അഗ്രികൾച്ചറൽ നഴ്സറി തുടങ്ങിയവ). ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ 2022-23 വർഷത്തിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, സെക്ഷൻ 255 പ്രകാരം നടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടായിട്ടുണ്ട്. ഖണ്ഡിക 1-11 കാണുക.

മേൽ പരാമർശിച്ച അപാകതകൾ പരിഹരിക്കുന്നതിന്, കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205 ബി പ്രകാരം (തൊഴിൽ നികുതി) വാണിജ്യ-വ്യവസായാവശ്യങ്ങൾക്കുള്ള 1958 കെട്ടിടങ്ങളുടെ ഉടമകൾക്കും നോട്ടീസ് നൽകി വിവരശേഖരണം നടത്തിയും, ഫീൽഡ് തല അന്വേഷണത്തിലൂടെയും ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമാക്കേണ്ടതും, 1996 ലെ കേരള പഞ്ചായത്ത് രാജ് (എഫ് ടി ഇ & ഒ എസ്സ് - ലൈസൻസ് നൽകൽ) ചട്ടങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തു എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

രജിസ്ട്രേഷൻ ഫീസ് ഈടാക്കിയില്ല.

1999 ലെ കേരള പഞ്ചായത്ത് രാജ് ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ചട്ടം 3(2) പ്രകാരം ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ 200/- രൂപ രജിസ്ട്രേഷൻ ഫീസ് അടച്ച് രജിസ്ട്രേഷൻ എടുക്കേണ്ടതും ചട്ടം 5(1) പ്രകാരം 50/- രൂപ അടവാക്കി വർഷം തോറും രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്.

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ ട്യൂട്ടോറിയൽ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീ ഈടാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടു. ഖണ്ഡിക 1-11 കാണുക.

കെട്ടിടമുറികൾ വാടകയ്ക്ക് നൽകിയില്ല

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടമുറികൾ വാടകയ്ക്ക് നൽകിയതിന്റെ രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ 2022-23 വർഷത്തിൽ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള 156 കെട്ടിടമുറികളിൽ 27 എണ്ണം വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞുകിടക്കുന്നതായി ശ്രദ്ധയിൽപെട്ടു. ഖണ്ഡിക 1-23 കാണുക.

സേവന ഉപനികുതി

ശുചിത്വപരിപാലനം, ജലവിതരണം, മാലിന്യനിർമ്മാർജ്ജനം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾ ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം ആവശ്യമുള്ള പക്ഷം പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതുമാണ്. എന്നാൽ ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിൽ നിലവിൽ ഒരിടത്തും വസ്തുനികുതിയോടൊപ്പം സേവന ഉപനികുതി ചുമത്തപ്പെടുന്നില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. മുഴുവൻ വാർഡുകളിലും അടിയന്തിരമായി വിവര ശേഖരണം നടത്തുകയും ആയതിന് അനുസൃതമായി വസ്തുനികുതി പരിഷ്കരിക്കേണ്ടതുമാണ്.

2. സർക്കാർ നിർദ്ദേശിച്ചതു പ്രകാരം 01.04.2023 പ്രാബല്യത്തിൽ നികുതി പരിഷ്കരിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതും പുതുക്കിയ നികുതി നിരക്കുകൾ, മേഖലകൾ, റോഡുകൾ എന്നിവ സംബന്ധിച്ച മാറ്റങ്ങൾ അടിയന്തിരമായി സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്.

4. 01.04.2023 ന് ശേഷം നികുതി നിർണ്ണയിച്ച് നൽകിയ കെട്ടിടങ്ങളുടെയെല്ലാം നികുതി പുതുക്കിയ നിരക്കിലും, പുതുക്കിയ ഇളവ്-വർദ്ധനവ് മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തിയും പുനർ നിർണ്ണയിക്കേണ്ടതാണ്.

5. ഗ്രാമപഞ്ചായത്തിൽ യുക്തമായ സ്ഥലങ്ങളിൽ സേവന ഉപനികുതി ഏർപ്പെടുത്തി നികുതി വരുമാനം വർദ്ധിപ്പിക്കാവുന്നതാണോ എന്ന് പരിശോധിക്കാവുന്നതാണ്.

6. നികുതി ചുമത്തപ്പെട്ടശേഷം കെട്ടിടങ്ങൾക്ക് കൂട്ടിച്ചേർക്കലുകൾ, പരിവർത്തനങ്ങൾ, ഉപയോഗക്രമം മാറ്റൽ എന്നിവ നടന്നിട്ടുണ്ടോ എന്നും, പഞ്ചായത്തിന്റെ അനുമതിയില്ലാതെ കെട്ടിടം പണിത് നികുതി അടയ്ക്കാതെ ഒഴിവായി കിടക്കുന്നുണ്ടോ എന്നും കൃത്യമായി ഫീൽഡ് പരിശോധന നടത്തിയും, പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തിയും ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളെയും നികുതി പരിധിയിൽ കൊണ്ടുവരാനുള്ള ഊർജ്ജിത യജ്ഞം നടത്തേണ്ടതാണ്. നിലവിലുള്ള വസ്തുനികുതി ഡിമാന്റിന്റെ നൂറ് ശതമാനം പിരിവ് ഉറപ്പു വരുത്തുന്നതോടൊപ്പം തന്നെ നിലവിലുള്ള കെട്ടിടങ്ങളിൽ നൂറ് ശതമാനവും ഡിമാന്റിൽ ഉൾപ്പെടുത്തുക എന്നതിനും ഗ്രാമപഞ്ചായത്ത് അടിയന്തിര പ്രാധാന്യം നൽകേണ്ടതാണ്.

7. വാണിജ്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ട്രേഡ് ലൈസൻസ് എടുക്കുന്നുണ്ട് എന്നും, തൊഴിൽ നികുതി പരിധിയിൽ വരുന്നുണ്ട് എന്നും ഉറപ്പ് വരുത്തേണ്ടതാണ്.

8. പല തവണ ലേലം നടത്തിയിട്ടും വാടക മുറികൾ ഒഴിഞ്ഞു കിടക്കുന്നത് തനതു ഫണ്ടിന്റെ ഗണ്യമായ കുറവിന് കാരണമാകുന്നതിനാൽ, കാരണം പരിഹാരം എന്നിവ കണ്ടെത്തി പുരോഗതി ഓഡിറ്റിനെ

അറിയിക്കേണ്ടതാണ്.

9. പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ ട്യൂട്ടോറിയൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ എടുക്കുന്നുണ്ടെന്നും ആയത് വർഷം തോറും പുതുക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിച്ച് രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**1-10 തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ നികുതിയിൽ വർധനവ് വരുത്തിയില്ല.**

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ചട്ടം 4(1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിട ഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിടത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തുനികുതി ചുമത്തേണ്ടതുമാണ് എന്ന് നിഷ്കർഷിക്കുന്നത്.

എന്നാൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ ചട്ടം 4(1)ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്കല്ലാതെ ഒരൊറ്റ ഉപയോഗ ക്രമത്തിലുള്ളതും ഒരാളുടെ മാത്രം ഉടമസ്ഥതയിലുള്ളതുമായ കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കിയാണ് സ്ഥാപനം നികുതി നിർണയിക്കുന്നത്. ഇതു കാരണം ബഹുനില കെട്ടിടങ്ങളിൽ നിന്നു പോലും 100 ചതുരശ്രമീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലേ നികുതി പിരിക്കാൻ സാധിക്കുന്നുള്ളൂ. കൂടാതെ 250 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണയിക്കുമ്പോൾ 2013 ലെ വസ്തു നികുതി ഭേദഗതി ചട്ടത്തിലെ (സ.ഉ.(അച്ചടി).നം.88/2013/ത.സ്വ.ഭ.വ തീയതി. 13.03.2013) ആറാം പട്ടിക പ്രകാരം അവയുടെ തറനിർമിതിക്ക് വരുത്തേണ്ട 15% വർദ്ധനവും ബാധകമാക്കാൻ സാധിക്കുന്നില്ല.

ഇപ്രകാരം വ്യത്യസ്ത നമ്പറുകൾ നൽകിയിട്ടുള്ളതും 200 ച.മീ കൂടുതൽ വിസ്തൃതി ഉള്ളതുമായതും എന്നാൽ ഒരൊറ്റ സ്ഥാപനം പ്രവർത്തിക്കുന്നതുമായ കെട്ടിടങ്ങൾക്ക് പോലും ബാധകമായതിലും കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയം നടത്തിയതായി കാണുന്നു.

ഗ്രാമപഞ്ചായത്തിൽ 100 ച.മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 30/- രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ച.മീറ്ററിനു 50/- രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. ഒരൊറ്റ ഉപയോഗക്രമമുള്ള കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി നികുതി നിർണയിക്കുന്നതിലൂടെ ഗ്രാമപഞ്ചായത്തിനു വസ്തു നികുതിയിനത്തിൽ നഷ്ടമുണ്ടായിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

ഒരേ ഉപയോഗ ക്രമത്തിലുള്ളതും ഒരേ ഉടമയുടേതുമായ കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾക്ക് വ്യത്യസ്ത നമ്പറുകൾ നൽകിയതിന്റെയും ആയതിന്റെ അടിസ്ഥാനത്തിൽ നികുതി നിരക്ക് നിശ്ചയിച്ചതിന്റെയും കാരണം വ്യക്തമാക്കേണ്ടതാണ്.

| ക്രമ നം. | കെട്ടിട ഉടമയുടെ പേര് | വാർഡ് നം/ കെട്ടിട നം. | വിസ്തീർണം | സഞ്ചയയിൽ ചേർത്തത് |
|---|---|---|---|---|
| 1 | രവീന്ദ്രൻ, പുളിക്കേടത്ത് ചാലിൽ, കോടേരിച്ചാൽ, മേഞ്ഞാണ്യം, 673525 | 8/281 A,B,C,D | 167.34 ച മീ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ |
| 2 | ഇബ്രാഹിം, പൈന്തോത്ത്, കായണ്ണബസാർ, കായണ്ണബസാർ, 673525 | 12/1320 C ,D, E, P,Q, R, S, T, U, V, F, G, H, I, J, K, N, O | 445.48 ച മീ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ |
| 3 | സജീവൻ, കരിങ്ങാറ്റിപറമ്പത്ത്, കല്ലോട് | 4/159 A,B,C,D, E,F,G,H,I | 215.363 ച മീ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ |
| 4 | സൽവ, കോരൻകടവത്ത്, തളിര്,എടവരാട് | 2/37 A,B,C, D,E,F,G | 436.78 ച മീ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ |
| 5 | കുഞ്ഞബ്ദുള്ള, കരുവാൻകുന്നത്ത്, | 12/135 A,B,C, D,E,H,J,L | 205.82 ച മീ | വാണിജ്യാവശ്യത്തിനുള്ളവ |

| | | | | | |
|---|---|---|---|---|---|
| | | തിരുവള്ളൂർ, തിരുവള്ളൂർ | | | 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ |
| | 6 | ഒരേ ഉപയോഗ ക്രമത്തിലുള്ളതും ഒരേ ഉടമയുടേതുമായ കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾക്ക് വ്യത്യസ്ത നമ്പറുകൾ നൽകിയതിന്റെയും ആയതിന്റെ അടിസ്ഥാനത്തിൽ നികുതി നിരക്ക് നിശ്ചയിച്ചതിന്റെയും കാരണം വ്യക്തമാക്കേണ്ടതാണ്.<br>ഓഡിറ്റ് വർഷം നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ വിവരമാണ് മുകളിലെ പട്ടികകളിൽ ചേർത്തിട്ടുള്ളത്. തുടർന്നുള്ള വർഷത്തിലും ഇത്തരത്തിൽ തന്നെയാണ് നികുതി ഈടാക്കിയിട്ടുള്ളത് . മുൻ വർഷങ്ങളിൽ നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ കാര്യത്തിൽ മേൽ പറഞ്ഞ രീതിയിൽ തെറ്റായ നിരക്കിലാണോ നികുതി നിർണ്ണയിച്ചത് എന്ന് പരിശോധിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. | 3/288 C,D,E,F, GH,I,J,K,L | 274.57 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ |

| | | | | |
|---|---|---|---|---|
| | സെയ്ത് കോഴിക്കര, കോഴിക്കര, മുതുവടത്തൂർ | | | |
| 7 | അഹമ്മദ്, ഏടാകൂടത്തിൽ, വാളൂർ | 12/419 P,P1,P5, P6,P7,P8,P3, P4,Q,R,S,T,U,V, W,X,Y,Z, P10,P11, P12,P13,P14, P15,P16,P17, | 567.09 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ |
| 8 | സിയാദ് ഇ എ, വി പി കെ വെൻച്വേസ് എൽ എൽ പി, കാരയാട്, Meppayyour, | N,O,P,Q,R,S, T,U,V,W, A2,A1,M,L, K,J,F,A4,A5, A6,A7,A10, A11,A8,A9 | 2234.52 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ |
| 9 | അബ്ദുൾഹമീദ്, ചെറിയതയ്യിൽ, മുയിപ്പോത്ത്, ചെറുവണ്ണൂർ മേപ്പയൂർ, | 15/93 K,L,M, N,O,P,Q | 362.35 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ |
| 10 | ഷെറിൻ മുഹമ്മദ് ഉണ്ണി, സ്കൈലൈൻ മെഡോസ്, സിവിൽ സ്റ്റേഷൻ | 15/904BCDE, F,G,H,I,J,K,L, M,N,O,P,Q,R, S,T,U,V,W | 839.32 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ |
| 11 | അസൈനാർ.സി.ടി, ചെറിയതൈക്കണ്ടി, കല്ലോട്,പേരാമ്പ്ര, | 3/286 C,D,E,F,G,H | 195.68 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, |

| | | | | |
|---|---|---|---|---|
| | | | | റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ |
| 12 | അബ്ദുസലാം, ചേണിക്കണ്ടിമീത്തൽ എരവട്ടൂർ, പേരാമ്പ്ര,673525 | 17/458 C,D,E,F,G,H | 133.27 ച മീ | വാണിജ്യാവശ്യ ത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ |
| 13 | കുഞ്ഞബ്ദുള്ള, കരുവാൻകുന്നത്ത്, തിരുവള്ളൂർ | 12/135 A,B,C, D, E, H, J, L | 205.82 | വാണിജ്യാവശ്യ ത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ |
| 14 | സിയാദ് ഇ.എ.,വി.പി. കെ.വെഞ്ചേഴ്സ്. എൽ.എൽ.പി, എടത്തിൽ കാരയാട്,എരവട്ടൂർ | 15/681 A,B | 178.07 | വാണിജ്യാവശ്യ ത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ |

ഒരേ ഉപയോഗ ക്രമത്തിലുള്ളതും ഒരേ ഉടമയുടേതുമായ കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾക്ക് വ്യത്യസ്ത നമ്പറുകൾ നൽകിയതിന്റെയും ആയതിന്റെ അടിസ്ഥാനത്തിൽ നികുതി നിരക്ക് നിശ്ചയിച്ചതിന്റെയും കാരണം വ്യക്തമാക്കേണ്ടതാണ്.

ഓഡിറ്റ് വർഷം നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ വിവരമാണ് മുകളിലെ പട്ടികകളിൽ ചേർത്തിട്ടുള്ളത്. തുടർന്നുള്ള വർഷത്തിലും ഇത്തരത്തിൽ തന്നെയാണ് നികുതി ഈടാക്കിയിട്ടുള്ളത് . മുൻ വർഷങ്ങളിൽ നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ കാര്യത്തിൽ മേൽ പറഞ്ഞ രീതിയിൽ തെറ്റായ നിരക്കിലാണോ നികുതി നിർണ്ണയിച്ചത് എന്ന് പരിശോധിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**1-11 FTE&OS ലൈസൻസ്- ട്യൂട്ടോറിയൽ രജിസ്ട്രേഷൻ അപാകതകൾ**

1.റേഷൻ റീട്ടയിൽ ഷോപ്പുകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

കേരള പഞ്ചായത്ത് രാജ് നിയമം 232-ാം വകുപ്പ്, 1996 ലെ കേരളപഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്തിന്റെ അനുമതിയില്ലാതെ മേൽ ചട്ടത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള യാതൊന്നും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കാൻ പാടില്ല. നിലവിലെ ചട്ടങ്ങൾ പ്രകാരം റേഷൻ റീട്ടയിൽ ഷോപ്പുകളെ തൊഴിൽ നികുതി, ലൈസൻസ് എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ സാധിക്കയില്ല എന്ന് സിവിൽ സപ്ലൈസ് ഡയറക്ടർ, കത്ത് - നം.സി.എസ്.(എ)-9/764/19 തിയതി: 22.01.21, പ്രകാരം അറിയിച്ചിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ വിവരമനുസരിച്ച് നിലവിൽ 13 റേഷൻ റീട്ടയിൽ ഷോപ്പുകൾ പ്രവർത്തിച്ചുവരുന്നു. ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഇവ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടു. അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

2. രജിസ്ട്രേഷൻ ഫീസ് ഈടാക്കിയില്ല.

JC6-5119/23 തിയതി.10.07.23 ലെ വിവരാവകാശ ഫയൽ പ്രകാരമുള്ള ചോദ്യത്തിന് മേഴ്സി കോളജ്, പേരാമ്പ്ര എന്ന സ്ഥാപനം ഗ്രാമ പഞ്ചായത്തിൽ നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടില്ല എന്ന് മറുപടി നൽകിയിട്ടുണ്ട്. 1999 ലെ കേരള പഞ്ചായത്ത് രാജ് ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ചട്ടം 3(2) പ്രകാരം ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ 200/- രൂപ രജിസ്ട്രേഷൻ ഫീസ് അടച്ച് രജിസ്ട്രേഷൻ എടുക്കേണ്ടതും ചട്ടം 5(1) പ്രകാരം 50/- രൂപ അടവാക്കി വർഷം തോറും രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്.

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ ട്യൂട്ടോറിയൽ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീ ഈടാക്കാൻ ശ്രദ്ധിക്കാത്തതിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

3. ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല.

- ഓഡിറ്റ് എൻക്വയറി നം.1/തിയതി.12.10.23 - മറുപടി പ്രകാരം , ഗ്രാമ പഞ്ചായത്തിൽ വാണിജ്യാവശ്യത്തിനുള്ള 4146 കെട്ടിടങ്ങളുണ്ട്. 1619 സ്ഥാപനങ്ങൾക്കാണ് എഫ്.ടി.ഇ &ഓ.എസ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ബാക്കിയുള്ള 2527 വാണിജ്യങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതിന് മറുപടി ലഭ്യമാക്കേണ്ടതാണ്.
- ട്രേഡേഴ്സ് ലിസ്റ്റ് പരിശോധിച്ചതിൽ നിന്നും ലൈസൻസ് എടുക്കാത്ത നിരവധി സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയതായി കാണുന്നു. എന്നാൽ നോട്ടീസ് നൽകിയ എത്ര സ്ഥാപനങ്ങൾ പുതുതായി ലൈസൻസ് എടുത്തു എന്നും, ലൈസൻസ് ഇല്ലാതെ നിലവിൽ എത്ര എണ്ണം പ്രവർത്തിക്കുന്നു

എന്നുമുള്ള വിവരങ്ങൾ ലഭ്യമല്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. കെട്ടിടങ്ങളെ കേന്ദ്രീകരിച്ച് മാത്രമാണ് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. പഞ്ചായത്ത് പരിധിയിലെ ഭൂമി ഉപയോഗപ്പെടുത്തി നടത്തപ്പെടുന്ന വ്യാപാരങ്ങളും വ്യവസായങ്ങളും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുമില്ല (കെട്ടിട നിർമ്മാണ വസ്തുക്കൾ സംഭരിച്ച് വില്പന നടത്തുന്നവർ, അഗ്രികൾച്ചറൽ നഴ്സറി തുടങ്ങിയവ). ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ 2022-23 വർഷത്തിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, സെക്ഷൻ 255 പ്രകാരം നടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടായിട്ടുണ്ട്. ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് പോലും ലൈസൻസ് എടുത്തു എന്ന് ഉറപ്പുവരുത്താത്തതിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-12 തൊഴിൽനികുതി പിരിവ് - അപാകതകൾ

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്തകാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായതോ സ്വകാര്യമായതോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു.

ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചുവരുന്ന തൊഴിൽനികുതി രജിസ്റ്റർ, റിട്ടേണുകൾ മുതലായ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ), സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2. ഗ്രാമപഞ്ചായത്ത് പരിധിയിലെ റേഷൻ കടകളിലെ ജിവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

3. ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ എടുത്തിട്ടുള്ള കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. ടി കരാറുകാർ മറ്റേതെങ്കിലും

തദ്ദേശ ഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖ പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെടേണ്ടതാണ്.

4. ഗ്രാമ പഞ്ചായത്തിൽ 4146 വാണിജ്യകെട്ടിടങ്ങൾ ഉണ്ടെങ്കിലും, 2022-23 സാമ്പത്തിക വർഷത്തിൽ 1619 ട്രേഡേർസിൽ നിന്നു മാത്രമേ തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളൂ. (ഓഡിറ്റ് എൻക്വയറി നം.1 – മറുപടി പ്രകാരം) ബാക്കിയുള്ള 2527 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതിന് മറുപടി നൽകേണ്ടതാണ്.

മുകളിൽ വിവരിച്ച എല്ലാ വിഭാഗം ആളുകളെയും തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടുത്തേണ്ടതും അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതുമാണ്.

**1-13 കെട്ടിടമുറികൾ വാടകയ്ക്ക് നൽകിയില്ല**

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടമുറികൾ വാടകയ്ക്ക് നൽകിയതിന്റെ രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ 2022-23 വർഷത്തിൽ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള 156 കെട്ടിടമുറികളിൽ 27 എണ്ണം വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞുകിടക്കുന്നതായി ശ്രദ്ധയിൽപെട്ടു. മുറികളുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | കെട്ടിട തിരിച്ചറിയൽ നമ്പർ | കെട്ടിടം വിവരണം |
|---|---|---|
| 1 | NBS 17 | ബസ് സ്റ്റാന്റ് കെട്ടിടം പിൻവശം |
| 2 | CF 1 | കാർഷിക വിപണന കേന്ദ്രം ഒന്നാം നില |
| 3 | CF2 | കാർഷിക വിപണന കേന്ദ്രം ഒന്നാം നില |
| 4 | CF3 | കാർഷിക വിപണന കേന്ദ്രം ഒന്നാം നില |
| 5 | CF4 | കാർഷിക വിപണന കേന്ദ്രം ഒന്നാം നില |
| 6 | CF5 | കാർഷിക വിപണന കേന്ദ്രം ഒന്നാം നില |
| 7 | CF6 | കാർഷിക വിപണന കേന്ദ്രം ഒന്നാം നില |
| 8 | CF7 | കാർഷിക വിപണന കേന്ദ്രം ഒന്നാം നില |
| 9 | CS1 | കാർഷിക വിപണന കേന്ദ്രം രണ്ടാം നില |
| 10 | CS2 | കാർഷിക വിപണന കേന്ദ്രം രണ്ടാം നില |
| 11 | CS3 | കാർഷിക വിപണന കേന്ദ്രം രണ്ടാം നില |
| 12 | CS4 | കാർഷിക വിപണന കേന്ദ്രം രണ്ടാം നില |
| 13 | CS5 | കാർഷിക വിപണന കേന്ദ്രം രണ്ടാം നില |

| | | |
|---|---|---|
| 14 | CS6 | കാർഷിക വിപണന കേന്ദ്രം രണ്ടാം നില |
| 15 | AG12 | ഓഡിറ്റോറിയം തറനില |
| 16 | FMFF 11 | പഴയമാർക്കറ്റ് കെട്ടിടം ഒന്നാം നില |
| 17 | FMFF 12 | പഴയമാർക്കറ്റ് കെട്ടിടം ഒന്നാം നില |
| 18 | DFM 6 | പഴയമാർക്കറ്റ് കെട്ടിടം സൈഡ് കെട്ടിടം |
| 19 | DFM 7 | പഴയമാർക്കറ്റ് കെട്ടിടം സൈഡ് കെട്ടിടം |
| 20 | DFM 8 | പഴയമാർക്കറ്റ് കെട്ടിടം സൈഡ് കെട്ടിടം |
| 21 | NFMG 1 | പുതിയമാർക്കറ്റ് കെട്ടിടം തറനില |
| 22 | NFMG 2 | പുതിയമാർക്കറ്റ് കെട്ടിടം തറനില |
| 23 | NFMG 3 | പുതിയമാർക്കറ്റ് കെട്ടിടം തറനില |
| 24 | NFMG 4 | പുതിയമാർക്കറ്റ് കെട്ടിടം തറനില |
| 25 | NFMG 5ചെയ്ത് | പുതിയമാർക്കറ്റ് കെട്ടിടം തറനില |
| 26 | NFMG 6 | പുതിയമാർക്കറ്റ് കെട്ടിടം തറനില |
| 27 | NFMG 8 | പുതിയമാർക്കറ്റ് കെട്ടിടം തറനില |

പലതവണ ലേലം നടത്തിയെങ്കിലും 27 മുറികൾ ആരും ഏറ്റെടുക്കാൻ തയ്യാറായിട്ടില്ല. ഇത് പഞ്ചായത്തിന്റെ തനതു വരുമാനത്തിൽ ഗണ്യമായ കുറവിന് കാരണമാകുന്നുണ്ട്. ആയതിന്റെ കാരണവും പരിഹാരവും കണ്ടെത്തേണ്ടതാണ്. ഈ വിഷയത്തിൽ ഉണ്ടായ പുരോഗതി അറിയിക്കേണ്ടതാണ്.

**1-14 ക്ഷേമപെൻഷൻ - അനർഹരെ സമയബന്ധിതമായി പെൻഷൻ രജിസ്റ്ററിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള സംവിധാനം നിലവിലില്ല.**

ഗ്രാമപഞ്ചായത്തിലെ വിവിധ ക്ഷേമപെൻഷനുകൾ കൈപ്പറ്റുന്ന ഗുണഭോക്താക്കൾ മരണപ്പെടുമ്പോൾ, അവരെ സമയബന്ധിതമായി പെൻഷൻ രജിസ്റ്ററിൽ നിന്നും നീക്കം ചെയ്യുന്നതിന് സഹായകരമായ തരത്തിൽ ഒരു സംവിധാനം സ്ഥാപനത്തിൽ നിലവിലില്ല. വാർഡ് മെമ്പർമാർ അറിയിക്കുന്ന മുറയക്ക് മരണ വിവരം ഉറപ്പുവരുത്തി അത്തരം ഗുണഭോക്താക്കളെ സസ്പെൻഡ് ചെയ്തു വരുന്നതായി ബന്ധപ്പെട്ട സെക്ഷൻ ക്ലർക്ക് ഓഡിറ്റിൽ വ്യക്തമാക്കിയിട്ടുണ്ട്. മരണവിവരം സമയബന്ധിതമായി സ്ഥാപനത്തിൽ ലഭിക്കുന്നതിനും മരണപ്പെട്ട മുഴുവൻ ഗുണഭോക്താക്കളുടെയും വിവരം അറിയുന്നതിനും ഈ സംവിധാനം പൂർണ്ണമായും സഹായകരമല്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. കൂടാതെ ആധികാരികമായി ഒരു റിപ്പോർട്ട് എന്ന തരത്തിൽ ഈ വിവരങ്ങൾ ലഭിക്കുന്നുമില്ല. മരണപ്പെട്ടവർക്ക് അവരുടെ മരണ ശേഷം തുടർന്നും പെൻഷൻ വിതരണം ചെയ്യുന്ന സ്ഥിതിവിശേഷം ഇതുമൂലമുണ്ടാകാം. പെൻഷൻ ഇനത്തിൽ വൻ ബാധ്യതയാണ് നിലവിൽ സംസ്ഥാനസർക്കാറിനുള്ളതെന്ന കാര്യം ഇവിടെ പ്രസക്തമാണ്. പെൻഷൻ ഫയലുകൾ പരിശോധിച്ചപ്പോൾ കണ്ട ചില അപാകതകൾ ചുവടെ കൊടുക്കുന്നു.

<u>സസ്പെന്റ് ചെയ്യപ്പെട്ട അക്കൌണ്ടുകളിൽ അധികമായി നൽകിയ തുക തിരിച്ചു പിടിക്കാൻ</u>

അവശേഷിക്കുന്നവയ്ക്ക് ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐഡി | മരണം നടന്ന തിയതി | അധികമായി നൽകിയത് |
|---|---|---|---|
| ബിജു വി പി | 110260400459 | 12.09.22 | ജൂൺ 2023 വരെ തുക ഗുണഭോക്താവിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. |
| ശങ്കരൻ നായർ | 110260100466 | 25.09.22 | ജൂൺ 202൩ വരെ തുക ഗുണഭോക്താവിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. |

അധികമായി കൈപ്പറ്റിയ തുക തിരിച്ചടയ്ക്കാൻ ബന്ധപ്പെട്ട ഗുണഭോക്താക്കൾക്കോ, മരണപ്പെട്ടവരുടെ കാര്യത്തിൽ അവരുടെ കുടുംബാംഗങ്ങൾക്കോ കത്ത് നൽകേണ്ടതും തുക തിരിച്ചടയ്ക്കപ്പെട്ടുവെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. പെൻഷൻ റദ്ദ് ചെയ്യാൻ ലഭിക്കുന്ന അപേക്ഷകൾക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. അധികമായി നൽകിയ പെൻഷൻ തുക തിരിച്ച് ഈടാക്കാത്തപക്ഷം ആയത് പഞ്ചായത്ത് സെക്രട്ടറിയുടെ വ്യക്തിഗത ബാധ്യതയായി കണക്കാക്കുന്നതാണ്.

അംഗൻവാടി ടീച്ചർമാർ മുഖേന ഐ സി ഡി എസ് സൂപ്പർവൈസർ ശേഖരിക്കുന്ന മരണപ്പെട്ടവരുടെ വിവരം, പെൻഷൻ വിവരങ്ങൾ കാലികമാക്കുന്നതിന് ഉപയോഗപ്പെടുത്തുന്നതിനുള്ള സംവിധാനം സ്ഥാപനത്തിൽ ഏർപ്പെടുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

**1-15 വക്കീൽ ഫീസ് - അധിക തുക അനുവദിച്ചു.**

പേരാമ്പ്ര ഗ്രാമപഞ്ചായത്തിൽ 22-23 വർഷം 7 വ്യത്യസ്ത കേസുകളിലായി അഡ്വ.പി.സി.ശശിധരന് 16,500/- രൂപ വീതം അനുവദിച്ചിട്ടുണ്ട്. 18.02.2016 ലെ സ.ഉ (എം.എസ്) നം. 36/16 എൽ.എസ്.ജി.ഡി പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് 15,000/- രൂപ വരെ മാത്രമാണ് ഓരോ കേസിനും വക്കീൽ ഫീസിനത്തിൽ ചെലവഴിക്കാൻ അനുമതി. 50,000/- രൂപ വരെയുള്ള ചെലവുകൾ വകുപ്പദ്ധ്യക്ഷന്റെ അനുമതിയോടെ വേണം ചെയ്യേണ്ടത്. എന്നാൽ ഇത്തരത്തിൽ അനുമതി ലഭ്യമാക്കാതെയാണ് താഴെ വിവരിച്ച ചെലവുകൾ നടത്തിയിരിക്കുന്നത്.

**2022-23 (1.4.2022 To 31.3.2023)**

| ക്രമ നമ്പർ | കേസ് നമ്പർ | തുക/തിയ്യതി | ചെക്ക് നമ്പർ | അധികം നൽകിയ തുക |
|---|---|---|---|---|
| 1 | WP(c) No. 12363/17 | 16500/- 10.11.2022 | 978468 | 1,500 |
| 2 | WP(c) No. 28000/20 | 16500/- 11.01.2023 | 074722 | 1,500 |
| 3 | WP(c) No. 24638/21 | 16500/- 30.04.2022 | 208944 | 1,500 |
| 4 | WP(c) No. 27881/16 | 16500/- 30.4.2022 | 066399 | 1,500 |

| | | | | |
|---|---|---|---|---|
| 5 | WP(c) No.33269/22 | 16500/- 09.01.2023 | 074716 | 1,500 |
| 6 | WP(c) No. 11871/13 | 16500/- 14.7.2022 | 071413 | 1,500 |
| 7 | WP(c) No.36932/22 | 16500/- 01.02.2023 | 205387 | 1,500 |
| | | ആകെ | | 10,500/- |

അധികം തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (10/22-23) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 10,500/-രൂപയുടെ ചെലവിന് അനുമതി ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 10,500/-രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-16 കളിസ്ഥലം വാങ്ങൽ - വഴി സൗകര്യം ഇല്ലാത്ത സ്ഥലം വാങ്ങി

പ്രൊജക്റ്റ് നമ്പർ - 5/22-23

അടങ്കൽ - 25,47,800/-

ചെലവ് - 24,30,000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ബിൽ നം.419/29.03.2027

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതി പ്രകാരം, പേരാമ്പ്ര ഗ്രാമപഞ്ചായത്തിൽ 128/1 റീ സർവെ നമ്പറിലുള്ള 89.98 സെന്റ് സ്ഥലം കളിസ്ഥലത്തിനായി 28.03.2023 ന് രജിസ്റ്റർ ചെയ്ത് വാങ്ങുകയും ആയതിന് 24,30,000/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

16.10.2023 ന് ഓഡിറ്റിന്റെ ഭാഗമായി കളിസ്ഥലം സന്ദർശിച്ചതിൽ, പുതുതായി വാങ്ങിയ കളിസ്ഥലത്ത് യാതൊരുവിധ തുടർ പ്രവർത്തനങ്ങളും നടത്തിയതായി കണ്ടില്ല. കൂടാതെ വഴി സൗകര്യം ഇല്ലാത്ത സ്ഥലം ആണ് വാങ്ങിയതെന്ന് സ്ഥലത്തിന്റെ ആധാരം പരിശോധിച്ചതിൽ നിന്നും സ്ഥലം നേരിട്ട് പരിശോധിച്ചതിൽ നിന്നും ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

സ്ഥലം വാങ്ങി 6 മാസം കഴിഞ്ഞിട്ടും വഴി സൗകര്യത്തിനായി യാതൊരു വിധ നടപടികളും സ്വീകരിച്ചതായി കാണുന്നില്ല. വഴി സൗകര്യമില്ലാത്ത സ്ഥലത്ത് തുടർ പ്രവർത്തനങ്ങൾ നടത്തുമ്പോഴും ഉപയോഗക്ഷമമാക്കുമ്പോഴും വിവിധ നിയമക്കുരുക്കുകളുണ്ടാകാൻ സാധ്യതയുണ്ട്. വലിയ മുതൽ മുടക്കിൽ സ്ഥലം വാങ്ങുന്നതിന് തീരുമാനിച്ചപ്പോൾ വഴി സൗകര്യം ഉറപ്പാക്കാതിരുക്കുന്നതെന്തു കൊണ്ടെണെന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (04/2022-23) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-17 എം.സി.എഫിലേക്ക് ബെയിലിംഗ് മെഷീൻ വാങ്ങൽ - അടിസ്ഥാന സൗകര്യങ്ങളില്ലാതെ മെഷീൻ വാങ്ങി.

പ്രൊജക്റ്റ് നമ്പർ - 125/22-23

അടങ്കൽ - 5,33,434/-

ചെലവ് - 4,02,578/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പേരാമ്പ്ര ഗ്രാമപഞ്ചായത്തിലെ എം.സി.എഫിൽ പ്ലാസ്റ്റിക്കുകൾ തരം തിരിച്ച് പാക്കിംഗിന് കംപ്രസ്സ് ചെയ്യുന്നതിനായി ക്ലീൻ കേരളയുടെ സ്പെസിഫിക്കേഷൻ പ്രകാരം , ടെണ്ടർ നടത്തി മലപ്പുറത്തുള്ള കോളാർ മിൽ സ്റ്റോർസ് പ്രൈ.ലിമിഡ് എന്ന സ്ഥാപനത്തിൽ നിന്ന് 402,578/- രൂപയ്ക്ക് ബെയിലിംഗ് മെഷീൻ വാങ്ങുന്നതിന് ഭരണസമിതിയുടെ 28.12.2022 ലെ മൂന്നാം നമ്പർ തീരുമാനപ്രകാരം തീരുമാനിച്ചിട്ടുണ്ട് .

13.12.2022 ന് സപ്ലൈ ഓർഡർ നൽകി, 27.01.2023 ന് കരാറിലേർപ്പെടുകയും 2.2.2023 ന് ബെയിലിംഗ് മെഷീൻ എം.സി.എഫ്.ൽ എത്തിക്കുകയും, കോളാർ മിൽ സ്റ്റോർസ് എന്ന സ്ഥാപനത്തിന്റെ 2.2.2023 ലെ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ 22.3.2023 ന് തുക നൽകുകയും ചെയ്തു.

സെക്രട്ടറി നടപ്പിലാക്കിയ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ–

1. 11-01-2023 ലെ കോളാർ മിൽ സ്റ്റോർസ് എന്ന സ്ഥാപനത്തിന്റെ കത്തിൽ, 2 വർഷം വാറണ്ടി നൽകുന്നതാണെന്നറിയിച്ചിരുന്നു. എന്നാൽ 27.01.2023 ലെ കരാറിൽ അത് 1 വർഷം ഗ്യാരണ്ടി എന്നാണ് രേഖപ്പെടുത്തിയത്. ഈ വൈരുദ്ധ്യത്തിന്റെ അടിസ്ഥാനം വ്യക്തമല്ല.

2. കരാർ പ്രകാരം ബെയിലിംഗ് മെഷീൻ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കുന്നതിന് വൈദ്യുതി കണക്ഷൻ - (3 ഫേസ് കണക്ഷനും, സ്റ്റാർട്ടർ സ്വിച്ചുകളും), വെള്ളം എന്നിവ സ്ഥാപിക്കുന്ന സ്ഥലത്ത് ലഭ്യമാക്കേണ്ടതാണ്. എന്നാൽ ബെയിലിംഗ് മെഷീൻ സ്ഥാപിച്ച്, 7 മാസം കഴിഞ്ഞിട്ടും വൈദ്യുതി കണക്ഷനോ വെള്ളമോ സ്ഥലത്ത് ലഭ്യമാക്കിയിട്ടില്ല.

വാറണ്ടിയുടെ കാര്യത്തിലുള്ള വൈരുദ്ധ്യം വിശദീകരിക്കാനും ബെയിലിംഗ് മെഷീൻ പ്രവർത്തിക്കാൻ വേണ്ട അടിസ്ഥാന സൗകര്യങ്ങളൊരുക്കാതെ, വാറണ്ടി കാലവധി നഷ്ടപ്പെടുത്തി പദ്ധതി നടപ്പിലാക്കിയതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (05/22-23) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-18 ഗ്രാമസഭയുടെ അംഗീകാരമില്ലാതെ ഗുണഭോക്തൃപട്ടിക തയ്യാറാക്കി

പേരാമ്പ്ര ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഡയറി ഫാം ഇൻസ്ട്രക്ടറുടെ നിർവ്വഹണത്തിൽ 2022-23 സാമ്പത്തിക വർഷം ക്ഷീരവികസന മേഖലയിൽ രണ്ട് പ്രൊജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | 1 | 2 |
|---|---|---|
| പ്രൊജക്റ്റ് | 113/22-23, പാലിന് ഇൻസെന്റീവ് | 115/22-23, കാലിത്തീറ്റ സബ്സിഡി |
| അടങ്കൽ | 14,92,914/-<br>[വികസന ഫണ്ട് (പൊതു വിഭാഗം)- 10,92,914<br>ജില്ലാ പഞ്ചായത്ത് വിഹിതം - 2,00,000<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 2,00,000] | 21,65,210/-<br>[വികസന ഫണ്ട് (പൊതു വിഭാഗം)- 8,11,645<br>ജില്ലാ പഞ്ചായത്ത് വിഹിതം - 50,000<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 2,20,960<br>ഗുണഭോക്തൃ വിഹിതം - 10,82,605] |
| ചെലവ് | 14,92,914/- | 21,65,210/- |

മേൽപ്പറഞ്ഞ രണ്ട് പ്രൊജക്ടുകളിലെയും ഗുണഭോക്തൃപട്ടികകൾ ബന്ധപ്പെട്ട ഗ്രാമസഭകളുടെ അംഗീകാരത്തോടെയല്ല തയ്യാറാക്കിയിട്ടുള്ളത്. മേഞ്ഞാണ്യം, മരുതേരി, കൽപ്പത്തൂർ, കടിയങ്ങാട്, പാണ്ടിക്കോട്, കായണ്ണബസാർ, കല്ലോട്, എടവരാട്, എരവട്ടൂർ എന്നീ ക്ഷീരസഹകരണ സംഘങ്ങൾ പ്രസ്തുത സംഘങ്ങളിൽ പാൽ നൽകുന്ന ക്ഷീരകർഷകരുടെ പട്ടിക ഗ്രാമപഞ്ചായത്തിന് നൽകുകയും, സംഘങ്ങൾ ലഭ്യമാക്കിയ പട്ടിക 19.10.2022 ലെ 15(1) നമ്പർ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്ത് ഭരണസമതി അംഗീകരിച്ച് പദ്ധതി നിർവ്വഹണത്തിനായി നിർവ്വഹണോദ്യോഗസ്ഥയ്ക്ക് കൈമാറുകയുമാണ് ചെയ്തിട്ടുള്ളത്.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 3എ(സി) പ്രകാരം ഗ്രാമസഭകളാണ് ഗുണഭോക്തൃ പട്ടികകൾ തയ്യാറാക്കേണ്ടത്. ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി നൽകേണ്ടത് ഗ്രാമപഞ്ചായത്തുകൾ വിളിച്ച് കൂട്ടുന്ന ഗ്രാമസഭകളാണെന്ന് പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലും [19.04.2022ലെ സ.ഉ(കൈ)84/2022/തസ്വഭവ നമ്പർ ഉത്തരവിന്റെ അനുബന്ധത്തിലെ ഖണ്ഡിക 12.3(1)], ഗുണഭോക്തൃപട്ടിക ഗ്രാമസഭയുടെ അംഗീകാരത്തോടെ തയ്യാറാക്കണമെന്ന് സബ്സിഡി, ധനസഹായം, അനുബന്ധവിഷയങ്ങൾ എന്നിവ സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിലും [28.05.2022ലെ സ.ഉ (കൈ) 115/2022/ത.സ്വ.ഭ.വ നമ്പർ ഉത്തരവിന്റെ അനുബന്ധത്തിലെ ഖണ്ഡിക 6.3, ക്രമ നം. 9] സർക്കാർ പ്രത്യേകമായി തന്നെ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

പഞ്ചായത്തിരാജ് നിയമത്തിനും സർക്കാർ ഉത്തരവിനും വിരുദ്ധമായി ഗ്രാമസഭയുടെ അംഗീകാരമില്ലാതെ ഗുണഭോക്തൃപട്ടിക തയ്യാറാക്കി ആനുകൂല്യം വിതരണം ചെയ്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19/2022-23 തീയതി 20.10.2023) മറുപടി ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ പ്രൊജക്റ്റുകളിലെ ആകെ ചെലവു തുക 36,58,124/- രൂപ (14,92,914 + 21,65,210) ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും ഗുണഭോക്തൃപട്ടികകൾ ഗ്രാമസഭകളുടെ അംഗീകാരത്തോടെ മാത്രമാണ് തയ്യാറാക്കപ്പെടുന്നത് എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-19 കോൺക്രീറ്റ് പേവിംഗ് - ഫോം വർക്ക് ആവശ്യമില്ലാത്ത പ്രവൃത്തിയിൽ ഫോം വർക്കിന് തുക ഉൾപ്പെടുത്തിയതിനാൽ അധിക ചെലവ്

ഓഡിറ്റ് വർഷത്തിൽ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയിട്ടുള്ള വിവിധ കോൺക്രീറ്റ് റോഡ് നിർമ്മാണങ്ങളിൽ കോൺക്രീറ്റിനായി ഉൾപ്പെടുത്തിയിരിക്കുന്നത് മോർഡിലെ ഇനം 75.8.1 ആണ്. ആയതിന്റെ നിരക്കിൽ ഫോം വർക്കിനായുള്ള 4% തുക കൂടി ഉൾപ്പെട്ടിട്ടുണ്ടെന്ന് ഈയിനത്തിന്റെ ഡാറ്റ പരിശോധിച്ചതിൽ മനസ്സിലാകുന്നു. 2022-23 വർഷം നടപ്പിലാക്കിയ റോഡ് പ്രവൃത്തികൾ ഓഡിറ്റിന്റെ ഭാഗമായി അസി. എഞ്ചിനീയറുടെ സാന്നിധ്യത്തിൽ സന്ദർശിക്കുകയുണ്ടായി. 69/23, 74/23, 146/23 എന്നീ പ്രവൃത്തികളിൽ റോഡിന്റെ ഇരു വശവും മതിലായതിനാലും ലഭ്യമായ മുഴുവൻ വീതിയിലും പ്രവൃത്തി ചെയ്തതിനാലും കോൺക്രീറ്റിനായി ഫോംവർക്ക് ചെയ്യേണ്ടി വന്നിട്ടില്ല എന്നു പരിശോധനയിൽ ബോധ്യപ്പെട്ടു. ഈ സാഹചര്യത്തിൽ ഫോംവർക്കിനായി 4% വരുന്ന തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിന്റെ കാരണം വ്യക്തമല്ല. മുകളിൽ വിവരിച്ച പദ്ധതികളിൽ കോൺക്രീറ്റ് പ്രവൃത്തിക്കായി ചെലവഴിച്ച തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| പ്രോജക്റ്റ് 69/23<br>എണ്ണപ്പിലാക്കുൽ മുക്ക് പൊന്തേരി പൊയിൽ താഴെ റോഡ് | പ്രോജക്റ്റ് 74/23<br>കൊളോറിടത്തിൽ കുന്നത്ത്കുനി റോഡ് | പ്രോജക്റ്റ് 146/23<br>ശിശുമന്ദിരം ഹൈസ്കൂൾ റോഡ് |
|---|---|---|
| അടങ്കൽ - 364380/- വികസനഫണ്ട് (ജനറൽ) | അടങ്കൽ - 364236/- വികസനഫണ്ട് (ജനറൽ) | അടങ്കൽ - 347361/- സംരക്ഷണഗ്രാന്റ് റോഡ് |
| ചെലവ് - 364380/- Bill Sanction Number – 367/28.3.2023 | ചെലവ് - 364235/- Bill Sanction Number – 368/28.3.2023 | ചെലവ് - 347361/- Bill Sanction Number – 348/27.3.2023 |
| റോഡ് കോൺക്രീറ്റിനായി ചെലവഴിച്ച തുക – 245805.30 (35.100m3x 7003) | റോഡ് കോൺക്രീറ്റിനായി ചെലവഴിച്ച തുക – 255259.35/- (36.450m3x 7003) | റോഡ് കോൺക്രീറ്റിനായി ചെലവഴിച്ച തുക – 292070.69 (43.680m3x 6686.60) |
| ഫോംവർക്കിനായി ചെലവാക്കിയത് 4% - 9454/- (35.100m3x 269.346) | ഫോംവർക്കിനായി ചെലവാക്കിയത് 4% - 9818/- (36.450m3x 269.346) | ഫോംവർക്കിനായി ചെലവാക്കിയത് 4% - 11233/- (43.680m3x 257.17) |

മൂന്ന പ്രവൃത്തികളിൽ ആകെ ചെലവാക്കിയത് - 30505/-

മേൽ പ്രവൃത്തികളിൽ ഫോംവർക്ക് ചെയ്തിട്ടില്ലെന്നിരിക്കെ ആയതിനുള്ള നിരക്കുൾപ്പെടുന്ന തുക കരാറുകാരന് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, അധികചെലവുണ്ടായത് കരാറുകാരിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-20 മരക്കാടി ലിങ്ക് റോഡ് - സൈറ്റ് ക്ലിയറൻസ് നടത്താതെ മണ്ണ് ഫില്ലിംഗ് പ്രവൃത്തി ചെയ്തു - റോഡ് ഗതാഗതയോഗ്യമാക്കിയില്ല

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് പേര്/നമ്പർ : മരക്കാടി ലിങ്ക് റോഡ്, 22/23

അടങ്കൽ : 314310/- ധനകാര്യകമ്മീഷൻ ഗ്രാന്റ്(അടിസ്ഥാനവിഹിതം)

ചെലവ് : 226249/- ബിൽ നമ്പർ 157/30.12.2022

പേരാമ്പ്ര ഗ്രാമപഞ്ചായത്തിലെ മാർക്കറ്റ് പരിസരത്ത് നിന്നാരംഭിച്ച് 'വർഷ' ബൈപ്പാസ് റോഡിനോട് ചേരുന്ന രീതിയിൽ പുതിയൊരു റോഡ് നിർമ്മിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്. പ്രസ്തുത റോഡിന്റെ ചെയിനേജ് 0/120 മുതൽ 0/270 വരെയുള്ള ഭാഗം ബ്ലോക്ക് പഞ്ചായത്ത് ഫണ്ടുപയോഗിച്ച് ഇരു വശവും കരിങ്കല്ലുപയോഗിച്ച് കെട്ടിയതാണ്. ആയതിനോട് ചേർന്ന് 0/27 മുതൽ 0/120 വരെ ഇടത്വശത്ത് കരിങ്കല്ലുപയോഗിച്ച് കെട്ടി 0/00 മുതൽ 0/270 വരെ മണ്ണ് ഫില്ല് ചെയ്ത് ഗതാഗതയോഗ്യമാക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. ഇതു പ്രകാരം 40.64m3 സൈഡ് കെട്ടി 73.650m നീളത്തിൽ ബെൽറ്റ് നിർമ്മിക്കുകയും 479.13m3 മണ്ണ് ഫില്ലിംഗ് നടത്തുകയും ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി പൂർത്തിയായ ശേഷം ഉള്ള സേവിംഗ്സ് തുക ഉപയോഗിച്ച് റോഡിന്റെ തുടക്കഭാഗത്തിൽ റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനായി എസ്റ്റിമേറ്റ് ഭേദഗതി ചെയ്യുകയും 33.80m നീളത്തിൽ 4.25m വീതിയിൽ 15cm കനത്തിൽ കോൺക്രീറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. 2021-22 വർഷം 700000രൂപ അടങ്കലിൽ ആരംഭിച്ച പ്രവൃത്തിക്കായി ആകെ 611939രൂപ ചെലവഴിച്ചിട്ടുണ്ട്. (2021-22 വർഷത്തെ ചെലവ് 385690 രൂപ). ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട കാര്യങ്ങൾ താഴെ ചേർക്കുന്നു.

1. മേൽ റോഡ് പ്രവൃത്തി ഓഡിറ്റിന്റെ ഭാഗമായി അസി. എഞ്ചിനീയറുടെ സാന്നിധ്യത്തിൽ സന്ദർശിച്ചതിൽ, റോഡിനായി മണ്ണ് ഫില്ലിംഗ് നടത്തിയ ഭാഗത്ത് നിറയെ വലിയ മരങ്ങൾ വളർന്നു നിൽക്കുന്നതായി കണ്ടു. റോഡ് നിർമ്മാണത്തിലെ ആദ്യഘട്ടം റോഡ് നിർമ്മിക്കാൻ പോകുന്ന സ്ഥലം വൃത്തിയാക്കലാണ്. ഇതിനായി പ്രവൃത്തിസ്ഥലത്തുള്ള മരങ്ങളും ചെടികളും വേരോടെ പിഴുത് മാറ്റേണ്ടതാണ്. എന്നാൽ മേൽ റോഡിലുള്ള മരങ്ങൾ പിഴുത് മാറ്റാതെയാണ് മണ്ണ് ഫില്ലിംഗ് പ്രവൃത്തി നടത്തിയിട്ടുള്ളത്. റോഡ് മണ്ണിട്ടുയർത്തി ഗതാഗതയോഗ്യമാക്കാനാണ് പ്രൊജക്ട് തയ്യാറാക്കിയതെങ്കിലും നിലവിൽ വൻമരങ്ങൾ ഉൾപ്പെടെ കാടുപിടിച്ചു കിടക്കുന്ന അവസ്ഥയിലായതിനാൽ കാൽനടയാത്രയ്ക്ക് പോലും ഉപയോഗിക്കാൻ പറ്റാത്ത അവസ്ഥയിലാണ് റോഡുള്ളത്. റോഡിലുള്ള മരങ്ങൾ വെട്ടിമാറ്റാതെ മണ്ണ് ഫില്ലിംഗ് നടത്തിയതിന് വിശദീകരണം നൽകേണ്ടതാണ്.

2. റോഡിന്റെ തുടക്കത്തിൽ 33.80m നീളത്തിൽ ജി എസ് ബി ഇട്ട് കൺസോളിഡേറ്റ് ചെയ്ത് കോൺക്രീറ്റ് ചെയ്യുന്നതിനാണ് ഓഡിറ്റ് വർഷം 226249രൂപ ചെലവഴിച്ചിട്ടുള്ളത്. റോഡിൽ തുടർന്നുള്ള ഭാഗം മരങ്ങൾ നിറഞ്ഞ് ഗതാഗതയോഗ്യമല്ലെന്നിരിക്കെ റോഡിന്റെ തുടക്കത്തിലുള്ള ഭാഗം മാത്രം ഇത്തരത്തിൽ കോൺക്രീറ്റ് ചെയ്യുന്നതിന് തുക ചെലവഴിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

3. മേൽ റോഡ് ഗ്രാമപഞ്ചായത്തിന്റെ ആസ്തിരജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. മാർക്കറ്റ് പരിസരം മുതൽ 'വർഷ' ബൈപ്പാസ് റോഡ് വരെയുള്ള സ്ഥലം ഗ്രാമപഞ്ചായത്തിന്റെ ആസ്തിയാണെന്ന് തെളിയിക്കുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല. ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

4. 2023-24 വർഷം മേൽ റോഡ് പ്രവൃത്തിക്കായി തുടർ പ്രൊജക്ടുകളൊന്നും തയ്യാറാക്കിയിട്ടില്ല. തുടർപ്രൊജക്ടുകൾ രൂപീകരിച്ച് മേൽ റോഡ് ഗതാതയോഗ്യമാക്കാനുള്ള നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

മേൽ അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചിട്ടില്ല. ഓഡിറ്റ് വർഷം പ്രവൃത്തിക്കായി ചെലവഴിച്ച 226249 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-21 പ്രവൃത്തിയുടെ സ്വഭാവം മാറിയിട്ടും കരാർ റദ്ദാക്കാതെ നിർവ്വഹണം നടത്തി - പഞ്ചായത്ത് ഫണ്ടിന് അധിക ചെലവ്

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് പേര്/നമ്പർ : കോടേരിച്ചാൽ കൊട്ടപ്പുറം റോഡ്, 189/23

അടങ്കൽ : 907462/- സംരക്ഷണഗ്രാന്റ് റോഡ്

ചെലവ് : 905177/- ബിൽ നമ്പർ 421/29.3.2023

കോടേരിച്ചാൽ കൊട്ടപ്പുറം റോഡ് റീടാറിംഗ് നടത്തി ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയത്. ഇതിനായി ഇ-ടെണ്ടർ നടത്തി സാജു.വി.കെ എന്ന കരാറുകാരനുമായി 31.1.2023 ന് കരാറിലേർപ്പെട്ടു (0.26% ടെണ്ടർ കുറവ്). എന്നാൽ 13.3.2023 ലെ ഭരണസമിതി തീരുമാനം 1/5 പ്രകാരം എസ്റ്റിമേറ്റ് പുതുക്കി റോഡ് കോൺക്രീറ്റ് ചെയ്യാൻ തീരുമാനിച്ചു. എസ്റ്റിമേറ്റ് പുതുക്കുന്നതിനുള്ള കാരണം രേഖപ്പെടുത്തിയത് ഇപ്രകാരമാണ്. 'കോടേരിച്ചാൽ ടൗണിന്റെ സമഗ്രവികസനവുമായി ബന്ധപ്പെട്ടും ഈ റോഡിലൂടെ ബസ് റൂട്ടുള്ളത് പരിഗണിച്ചും ഈ റോഡിന്റെ തുടക്കം വീതി കൂട്ടി കോൺക്രീറ്റ് ചെയ്യണമെന്നും വാർഡ് വികസന സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ വാർഡ് മെമ്പർ ആവശ്യപ്പെട്ടതിനാൽ പ്രാദേശിക ആവശ്യങ്ങൾ മുൻനിർത്തി പ്രവൃത്തി നടത്താൻ എസ്റ്റിമേറ്റ് പുതുക്കുന്നു.'

ഇതു പ്രകാരം റോഡിന്റെ നിർമ്മാണം നടത്തുകയും, തുക കരാറുകാരന് നൽകുകയും ചെയ്തു. ഈ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട കാര്യങ്ങൾ താഴെ ചേർക്കുന്നു.

- ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നേടിയ ശേഷം, എന്നാൽ പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പായി പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ മാറ്റം വരുന്ന സാഹചര്യത്തിൽ അംഗീകാരം ലഭിച്ച എസ്റ്റിമേറ്റ് ക്യാൻസൽ ചെയ്ത് റീ കാസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതും പുതിയ പ്രവൃത്തിയായി പരിഗണിച്ച് ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇ എം ബുക്ക് പ്രകാരം മേൽ പ്രവൃത്തി ആരംഭിച്ചത് 26.3.2023നാണ്. എന്നാൽ 13.3.2023 ന് എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ട്. അതായത് പ്രവൃത്തി ആരംഭിക്കുന്നതിന് മുൻപ് തന്നെ എസ്റ്റിമേറ്റിൽ മാറ്റം വരുത്തേണ്ടതുണ്ടെന്ന് ബോധ്യമുണ്ടായിട്ടും എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യാതെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാൻ തീരുമാനിക്കുകയാണുണ്ടായത്. റീകാസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി നടപ്പിലാക്കുന്നതിന് പകരം കരാർ റദ്ദ് ചെയ്യാതെ അതേ കരാറുകാരനെ കൊണ്ട് നിർവ്വഹണം നടത്താനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.
- തൻവർഷം ഗ്രാമപഞ്ചായത്തിൽ നിർവ്വഹണം നടത്തിയ വിവിധ റോഡ് കോൺക്രീറ്റ് പ്രവൃത്തികളുടെ ടെണ്ടർ വിശദാംശം പരിശോധിച്ചാൽ മുഴുവൻ പ്രവൃത്തികളും ശരാശരി 16% ടെണ്ടർ കുറവിലാണ് ഏറ്റെടുത്ത് നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാകുന്നു. ആദ്യ ടെണ്ടർ റദ്ദാക്കി റീടെണ്ടർ ചെയ്തിരുന്നെങ്കിൽ ഈ പ്രോജക്ടിനും ഇത്തരത്തിലുള്ള ടെണ്ടർ കുറവ് പഞ്ചായത്തിന് ഉറപ്പാക്കാമായിരുന്നു. ടാറിംഗ് പ്രവൃത്തിക്കായി ലഭിച്ച 0.26% ടെണ്ടർ കുറവിലാണ് ഈ പദ്ധതി നടപ്പാക്കിയത്. മറ്റു കോൺക്രീറ്റ് പ്രവൃത്തികൾക്ക് ലഭിച്ച 16% ടെണ്ടർ കുറവ് ഈ പ്രവൃത്തിയ്ക്ക് ലഭിച്ചിരുന്നെങ്കിൽ ഏകദേശം 144828/- രൂപയുടെ (ആകെ ചെലവ് 905177 രൂപയുടെ 16% = 144828/-) അധിക ചെലവ് ഗ്രാമപഞ്ചായത്തിന് ഒഴിവാക്കാമായിരുന്നു. ഗ്രാമപഞ്ചായത്തിന്റെ

സാമ്പത്തിക താൽപര്യം ഉറപ്പാക്കുന്ന ഇടപെടൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെയോ, ഭരണസമിതിയുടെയോ ഭാഗത്തുനിന്ന് ഉണ്ടായില്ല. ആയത് വിശദീകരിക്കേണ്ടതാണ്.

മേൽ അപാകതകൾ സൂചിപ്പിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചിട്ടില്ല. ചെലവ് തുക 9,07,462/-രൂപ തടസ്സത്തിൽ വെക്കുന്നു.

**1-22 പൊതുകുടിവെള്ളപദ്ധതികളുടെ നവീകരണം - എസ്റ്റിമേറ്റിൽ ഇല്ലാത്ത ഇനങ്ങൾ ചെയ്തു - പുതുക്കിയ എസ്റ്റിമേറ്റിന് ഭരണസമിതിയുടെ അംഗീകാരം ലഭ്യമാക്കിയില്ല**

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് പേര്/നമ്പർ: പൊതുകുടിവെള്ള പദ്ധതികളുടെ നവീകരണം, 33/23

അടങ്കൽ : 991127/- ധനകാര്യകമ്മീഷൻ ഗ്രാന്റ്(അടിസ്ഥാനവിഹിതം)

ചെലവ് : 419713/- ബിൽ നമ്പർ 230/16.2.2023

ഗ്രാമപഞ്ചായത്തിലെ 9 പൊതുകുടിവെള്ള പദ്ധതികൾ നവീകരിക്കുന്നതിന് 2021-22 വർഷം 12,40,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും (TS No.71300/21-22 Dtd 2.1.2022) ടെണ്ടർ നടപടികളിലൂടെ ബാബു.കെ.പി എന്ന കരാറുകാരനെ പ്രവൃത്തി ഏൽപിക്കുകയും ചെയ്തു. 08.03.2022ന് കരാർ വെച്ച് ആരംഭിച്ച പ്രവൃത്തി 24.3.2023 ന് പൂർത്തീകരിച്ചിട്ടുണ്ട്. (എം ബുക്ക് നം. 315/22-23 പേജ് 5). ആകെ പ്രവൃത്തി മൂല്യം ജിഎസ്ടി ഉൾപ്പെടെ 860487.26 രൂപ കണക്കാക്കി എം ബുക്ക് നം. 315/22-23 പേജ് 21ൽ രേഖപ്പെടുത്തിയിട്ടുണ്ട്. 2021-22, 2022-23 വർഷങ്ങളിലായി 2 പാർട്ട് ബില്ലുകൾ പ്രകാരം ആകെ 6,68,586/-രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. 3rd & ഫൈനൽ ബിൽ തുക 1,91,902.13 രൂപ കരാറുകാരന് നൽകാനുള്ളതായി എം ബുക്ക് പേജ് 21 ൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഫണ്ട് ലഭ്യമല്ലാത്തതിനാൽ തുക നൽകിയിട്ടില്ല. അവശേഷിക്കുന്ന തുക കരാറുകാരന് നൽകുന്നതിനായി 2023-24 വർഷം 191902രൂപ അടങ്കലിൽ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട കാര്യങ്ങൾ താഴെ ചേർക്കുന്നു.

പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയ എം ബുക്ക് നം. 30/18-19 പേജ് 80,81,82/- എന്നിവ പരിശോധിച്ചതിൽ പ്രവൃത്തിയുടെ ഇനം 6,7,8 എന്നിവ എസ്റ്റിമേറ്റ് പ്രകാരമുള്ളതിനേക്കാൾ ഇരട്ടിയിലധികം അളവിൽ ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എം ബുക്ക് നം. 30/18-19 പേജ് 20, എം ബുക്ക് നം. 315/22-23 പേജ് 2,3 എന്നിവയിലായി 3 ഇനങ്ങൾ എക്സ്ട്രാ ഇനമായി ഉൾപ്പെടുത്തി അളവുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. എസ്റ്റിമേററിലുണ്ടായ മാറ്റത്തിനനുസരിച്ച് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും ആയതിന് ഭരണസമിതിയുടെ അംഗീകാരം ലഭ്യമാക്കിയിട്ടില്ല. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലും ഈ വിഷയം ചർച്ച ചെയ്തതായി കാണുന്നില്ല. ഒറിജിനൽ എസ്റ്റിമേറ്റിലുള്ളതിനേക്കാൾ അധികരിച്ച് ചെയ്ത പ്രവൃത്തിയുടെ വിവരം താഴെ കൊടുക്കുന്നു.

| ഇനം | പ്രവൃത്തി യുടെ വിവരം | എസ്റ്റിമേറ്റ് പ്രകാരം ചെയ്യേണ്ട അളവ് | എം ബുക്ക് പ്രകാരം ചെയ്ത അളവ് | അധി കമായി ചെയ്ത അളവ് | നൽകാ നായി കണക്കാ ക്കിയ തുക |
|---|---|---|---|---|---|
| 6 | 13.4.1 – 12mm Cement Plaster Of Mix 1:4 | 116.326sqm | 223.810sqm | 107.484sqm | 107.484 X 326.72 = 35117.17/- |
| 7 | 13.43.1 – Applying One Coat Of Water Thinnable Cement Primer ..... | 116.326sqm | 223.610sqm | 107.284sqm | 107.284 X 71.01 = 7618 |
| 8 | 13.44.1 – Finishing Walls With Water Proofing Cement Paint ...... | 116.326sqm | 288.980sqm | 172.654sqm | 172.654 X 107.95 = 18638 |
| E1 | Removing Dry Or Oil Bound Distemper ..... | ഇനം ഉൾപ്പെട്ടിട്ടില്ല | 38.93sqm | 38.93sqm | 38.93 X 21.58 = 840.11/- |
| E2 | Dismantling Old Plaster Or | ഇനം ഉൾപ്പെട്ടിട്ടില്ല | 12.77sqm | 12.77sqm | 12.77 X 46.15 = 589.34 |

| | | | | | |
|---|---|---|---|---|---|
| | Skirting... | | | | |
| E3 | Providing And Fixing PVC Pipes Including Of Pipes..... | ഇനം ഉൾപ്പെട്ടിട്ടില്ല | 106.70sqm | 106.70sqm | 106.70 X 284.87 = 30395.63/- |

റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണസമിതിയുടെ അംഗീകാരം വാങ്ങിക്കാതെ പദ്ധതി നടപ്പിലാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചിട്ടില്ല. ഓഡിറ്റ് വർഷം പ്രവൃത്തിക്കായി ചെലവഴിച്ച 419713 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-23 ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രം - അവലോകനം

സ.ഉ.(കൈ) നം. 39/20/തസ്വഭവ തീയതി 20.2.2020, സ.ഉ.(കൈ) നം. 45/20/തസ്വഭവ തീയതി 6.3.2020 എന്നീ ഉത്തരവുകൾ പ്രകാരം വൃത്തിയും ശുചിത്വവും സുരക്ഷിതത്വവുമുള്ള പൊതുശുചിമുറികളും 'ടേക്ക് എ ബ്രേക്ക്' വിശ്രമകേന്ദ്രങ്ങളും പ്രത്യേകിച്ച് സ്ത്രീകൾക്കും യാത്രക്കാർക്കും ഉപയോഗിക്കാൻ സാധിക്കുന്ന തരത്തിൽ ദേശീയ-സംസ്ഥാന പാതയോരങ്ങളിലും, പാതയോരങ്ങളിൽ സ്ഥിതി ചെയ്യുന്ന സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളുടെ പരിസരങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഫീസ് പരിസരം, വാണിജ്യകേന്ദ്രങ്ങൾ, ബസ് സ്റ്റാന്റ്/ബസ് സ്റ്റോപ്പ് പരിസരങ്ങൾ എന്നിവിടങ്ങളിലായി നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ 2020-21 വാർഷിക പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കുന്നതിന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിരുന്നു. സ.ഉ.(സാധാ) നം. 1401/20/തസ്വഭവ തീയതി 27.7.2020 പ്രകാരം ടേക്ക് എ ബ്രേക്ക് നടപ്പിലാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പേരാമ്പ്ര ഗ്രാമപഞ്ചായത്തിൽ 2020-21 വർഷം ടേക്ക് എ ബ്രേക്ക് നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുകയും 2021-22 വർഷം കെട്ടിടനിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 2022-23 വർഷം പ്രൊജക്ട് നം. 24/23 പ്രകാരം ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ കെട്ടിടത്തിലേക്ക് വാട്ടർ കണക്ഷൻ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഇതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. പേരാമ്പ്ര - കുറ്റ്യാടി റോഡിൽ നിന്ന് മാറി മത്സ്യമാർക്കറ്റിനടുത്തായാണ് കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. 2020-21 വർഷം ആരംഭിച്ച പദ്ധതി 2023-24 വർഷത്തിലും ലക്ഷ്യപ്രാപ്തിയിൽ എത്താത്ത അവസ്ഥയിലാണുള്ളത്. വിശ്രമകേന്ദ്രം പ്രവർത്തനക്ഷമമാക്കി പദ്ധതി ലക്ഷ്യം കൈവരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 അസിസ്റ്റന്റ് എഞ്ചിനീയർ - പദ്ധതി ചെലവ് 28% മാത്രം

2022-23 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർവ്വഹണത്തിനായി തയ്യാറാക്കിയത് 59 പ്രോജക്ടുകളാണ്. ഇതിൽ 14 എണ്ണം സ്പിൽഓവർ പദ്ധതികളും 45 എണ്ണം തൻവർഷം രൂപീകരിച്ചവയുമാണ്. പദ്ധതികളുടെ ചെലവു വിശദാംശം പരിശോധിച്ചാൽ ആകെ വകയിരുത്തിയ 4,60,27,469/-രൂപയിൽ 1,30,56,949/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. അതായത് 28.37% മാത്രം. തയ്യാറാക്കിയ പദ്ധതികളിൽ 31 എണ്ണത്തിൽ യാതൊരു ചെലവുമുണ്ടായിട്ടില്ല. ഇതിൽ 4 സ്പിൽഓവർ പദ്ധതികളും ഉൾപ്പെടുന്നു. തൻവർഷം തയ്യാറാക്കിയ 45 പദ്ധതികളിൽ 18 പദ്ധതികളിൽ മാത്രമാണ് ചെലവുണ്ടായിട്ടുള്ളത്. നടപ്പാക്കാൻ സാധിക്കാത്ത പദ്ധതികളെല്ലാം തന്നെ നിലവിലെ വാർഷിക

പദ്ധതിയിൽ സ്പിൽഓവർ ആയി ഉൾപ്പെടുത്തിയിരിക്കുകയാണ്.

തൻവർഷ വികസന പ്രവർത്തനങ്ങൾക്കായി സർക്കാരിൽ നിന്നും ലഭ്യമായ ലക്ഷക്കണക്കിനു രൂപ ഇതു മൂലം മുൻവർഷ പദ്ധതികൾക്കായി വിനിയോഗിക്കേണ്ടി വരികയും തൻവർഷത്തിൽ പ്രദേശത്തെ ജനതയ്ക്ക് ലഭ്യമാക്കാമായിരുന്ന സേവനങ്ങൾക്കുള്ള അവസരം നഷ്ടപ്പെടുത്തുകയും ചെയ്തു. ഇത്തരം സാഹചര്യങ്ങൾ ഭാവിയിലെങ്കിലും ഒഴിവാക്കുന്ന രീതിയിൽ പ്രോജക്ടുകൾ ആസൂത്രണം ചെയ്ത് നിർവ്വഹിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. നിലവിലുള്ള അപാകതകൾ പരിഹരിക്കുന്നതിനു സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

പേരാമ്പ്ര ഗ്രാമപഞ്ചായത്തിൽ നിന്ന് ഭവന നിർമ്മാണത്തിനായി ധനസഹായം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ ഇതു വരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം. | പ്രൊജക്റ്റ് | ഗുണഭോക്താവ് | കൈപ്പറ്റിയ തുക | തുക കൈപ്പറ്റിയ തീയതി |
|---|---|---|---|---|
| 1 | 185/19-20<br>ചേർമല സാംബവ കോളനി നിവാസികൾക്ക് വീട് നിർമ്മിച്ച് നൽകൽ | ബാലൻ ചേർമല<br>വാർഡ് നം. 16 | 40,000<br>1,40,000 | 28.03.2019<br>27.11.2019 |
| 2 | 60/21-22<br>ലൈഫ് ഭവനപദ്ധതി (പട്ടികജാതി) | ശ്രീമതി മല്ലിക രാമകൃഷ്ണൻ, പുന്നച്ചാലിൽ<br>വാർഡ് നം.11 | 40,000 | 24.08.2021 |

ക്രമ നം. 2ലെ ഗുണഭോക്താവ് പ്രവൃത്തി പൂർത്തീകരിക്കാത്തത് സംബന്ധിച്ച് 2021-22 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും (ഖണ്ഡിക 1-29) പരാമർശിച്ചിട്ടുള്ളതാണെങ്കിലും ഇതു വരെ പ്രവൃത്തി പൂർത്തിയായിട്ടില്ല. ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-26 വനിതകൾക്ക് വെൽനസ്സ് സെന്റർ - പദ്ധതി പ്രാവർത്തികമായില്ല

| | |
|---|---|
| പ്രൊജക്റ്റ് | 117/22-23, വനിതകൾക്ക് വെൽനസ്സ് സെന്റർ |
| അടങ്കൽ | 4,00,000/- (വികസന ഫണ്ട് - പൊതു വിഭാഗം) |
| ചെലവ് | 2,19,850/- (സാംഖ്യ ബിൽ നം. 355/22-23 തീയതി 27.03.2023) |

പേരാമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2022-23ലെ വാർഷിക പദ്ധതിയിൽ വനിതകൾക്ക് വേണ്ടി വെൽനസ്സ് സെന്റർ സ്ഥാപിക്കുന്നതിനായി ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി ഒരു പ്രൊജക്റ്റ് രൂപീകരിച്ച് നടപ്പാക്കിയിട്ടുണ്ട്. സ്ത്രീകളുടെ ശാരീരികവും മാനസികവുമായ വികാസത്തിനും, ജീവിതശൈലീ രോഗങ്ങൾ കുറയ്ക്കുന്നതിനും, കായികക്ഷമതയുള്ള ഒരു ജനതയെ വാർത്തെടുക്കുന്നതിനും ഉദ്ദേശിച്ചാണ് പ്രൊജക്റ്റ് ആവിഷ്കരിച്ചിട്ടുള്ളത്. സെന്റർ സ്ഥാപിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും, ആരോഗ്യ വകുപ്പിന്റെ സഹായത്തോടെ ആവശ്യമായ ഉപകരണങ്ങൾ വാങ്ങിക്കുന്നതിനും, പരിശീലകർക്ക് ദിവസവേതനം നൽകുന്നതിനുമുള്ള തുകയാണ് പ്രൊജക്റ്റിൽ വകയിരുത്തിയിട്ടുള്ളത്.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ പേരാമ്പ്ര അങ്ങാടിയിൽ തന്നെയുള്ള കാർഷിക വിപണന കേന്ദ്ര കെട്ടിടത്തിന്റെ മൂന്നാം നിലയിലാണ് വെൽനസ്സ് സെന്റർ സ്ഥാപിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. എന്നാൽ അതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊന്നും അവിടെ ഒരുക്കിയിട്ടില്ല. പ്രസ്തുത സ്ഥലം വെൽനസ്സ് സെന്ററിന് വേണ്ടി ഒരുക്കുന്നതിനായി വികസന ഫണ്ടിൽ നിന്ന് 2,57,500/- രൂപ

വകയിരുത്തി 2023-24 വാർഷിക പദ്ധതിയിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ നിർവ്വഹണത്തിൽ പ്രൊജക്റ്റ് ആവിഷ്ക്കരിച്ചിട്ടുണ്ട് (പ്രൊജക്റ്റ് നം. 165/23-24, വെൽനസ് സെന്റർ-അനുബന്ധ സൗകര്യമൊരുക്കൽ). പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പോലും ഇതു വരെ തയ്യാറായിട്ടില്ല. യാതൊരുവിധ അടിസ്ഥാനസൗകര്യങ്ങളും ഒരുക്കിയിട്ടില്ലാത്ത വെൽനസ് സെന്ററിലേക്ക് 2022-23 സാമ്പത്തിക വർഷം 2,19,850/- രൂപയുടെ വ്യായാമ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. വാങ്ങിയ ഉപകരണങ്ങളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ഉപകരണം | വില | വാറണ്ടി കാലാവധി |
|---|---|---|---|
| 1 | Aerofit Treadmills (Af 210) | 95000 | 5 വർഷം |
| 2 | Aerofit 6 Stations Multigym (Af-314) | 1,24,850 | 4 വർഷം |
| ആകെ | | 2,19,850 | |

വലിയ വിലയുള്ളതും, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയതിന് ശേഷം മാത്രം വാങ്ങേണ്ടിയിരുന്നതുമായ ഉപകരണങ്ങൾ നിലവിൽ കാർഷിക വിപണന കേന്ദ്രത്തിന്റെ സ്റ്റെയർ കേസിന് അടിയിലാണ് സൂക്ഷിച്ചിട്ടുള്ളത്. ഉപകരണങ്ങളുടെ പാക്കിംഗ് ഒഴിവാക്കി പ്രാഥമിക പരിശോധന പോലും ഇതു വരെ നടത്തിയിട്ടില്ല. ഇതു മൂലം ലഭിച്ച ഉപകരണങ്ങൾ കേടുപാടുകൾ ഇല്ലാത്തതും, പ്രവർത്തനക്ഷമമായിട്ടുള്ളതും ആണോ എന്നു പോലും വ്യക്തമല്ല.

ആരോഗ്യവകുപ്പിന്റെ സഹായത്തോട് കൂടിയാണ് വെൽനസ്സ് സെന്ററിലേക്കുള്ള ഉപകരണങ്ങൾ വാങ്ങിക്കേണ്ടതെന്ന് പ്രൊജക്റ്റ് രേഖയിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും വാങ്ങലിന് മുൻപ് ആരോഗ്യവകുപ്പുമായി കൂടിയാലോചിച്ച് ഉപകരണങ്ങളുടെ ആവശ്യകതയും, അനുയോജ്യതയും തീർച്ചപ്പെടുത്തിയിട്ടില്ല. ആവശ്യമായ ഉപകരണങ്ങൾ ഏതൊക്കെയാണെന്ന് തീർച്ചപ്പെടുത്താതെ തന്നെ വ്യായാമ ഉപകരണങ്ങൾ സപ്ലൈ ചെയ്യുന്നതിന് ടെണ്ടർ ക്ഷണിക്കുകയാണ് ചെയ്തിട്ടുള്ളത്. പ്രസ്തുത ടെണ്ടറിൽ രണ്ട് സ്ഥാപനങ്ങൾ പങ്കെടുക്കുകയും, അവർ സപ്ലൈ ചെയ്യാൻ തയ്യാറായ ഉപകരണങ്ങൾക്ക് ക്വാട്ട് ചെയ്ത നിരക്കുകൾ ജെം പോർട്ടലിലെ നിരക്കിനേക്കാൾ വളരെ കൂടുതലായതിനാൽ ജെം പോർട്ടലിൽ നിന്ന് ഉപകരണങ്ങൾ വാങ്ങിക്കുകയുമാണ് ചെയ്തിട്ടുള്ളത്. ആവശ്യകത മുൻകൂട്ടി നിശ്ചയിച്ച് ഉപകരണങ്ങൾ വാങ്ങുന്നതിന് പകരം സ്ഥാപനങ്ങൾ സപ്ലൈ ചെയ്യാൻ തയ്യാറായ ഉപകരണങ്ങൾ വാങ്ങിച്ചത് ശരിയായ നടപടിയല്ല.

വനിതകൾക്ക് വെൽനസ്സ് സെന്റർ എന്ന പ്രൊജക്റ്റ് സ്പിൽഓവറായി 2023-24 വാർഷിക പദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുണ്ട് [പ്രൊജക്റ്റ് നമ്പർ 169/23-24, അടങ്കൽ 1,80,150/- വികസനഫണ്ട് (പൊതുവിഭാഗം)]. പ്രസ്തുത പ്രൊജക്റ്റ് പ്രകാരവും 1,15,035/- രൂപയുടെ ഉപകരണങ്ങൾ ജെം പോർട്ടൽ മുഖേന വാങ്ങിയിട്ടുണ്ട്. ഇവയും നിലവിൽ പാക്കിംഗ് പോലും പൊളിക്കാതെ കാർഷിക വിപണന കേന്ദ്ര കെട്ടിടത്തിന്റെ രണ്ടാം നിലയിലെ ഒരു മുറിയിൽ സൂക്ഷിച്ചിരിക്കുകയാണ്. ഉപകരണങ്ങളുടെ വാറണ്ടി കാലാവധി സംബന്ധിച്ച വിവരങ്ങളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. 169/23-24 നമ്പർ പ്രൊജക്റ്റ് പ്രകാരം ഇതു വരെ വാങ്ങിയിട്ടുള്ള ഉപകരണങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഉപകരണം | വില |
|---|---|---|
| 1 | Cosco Gym Ball - 85 Cm | 2,000 |
| 2 | Yoga Mat (10 Nos ) | 5,000 |
| 3 | Horse Rider | 21,499 |
| 4 | Dumbles 5Kg (2 Nos ) | 1,920 |
| 5 | Gym Equipments | 4,999 |
| 6 | Twister | 5,499 |
| 7 | Weighing Scale | 2,000 |

| | | |
|---|---|---|
| 8 | Elliptical Cross Trainer | 50,000 |
| 9 | Aerobic Stepper | 3,500 |
| 10 | Mutly Hyper Extension | 17,010 |
| 11 | Fitness Push Up Bar | 1,608 |
| ആകെ | | 1,15,035 |

അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് മുൻപ് വ്യക്തമായ ആസൂത്രണമില്ലാതെ വൻ തുക ചെലവഴിച്ച് വെൽനസ്സ് സെന്ററിലേക്ക് ഉപകരണങ്ങൾ വാങ്ങിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 20/2022-23 തീയതി 20.10.2023) മറുപടി ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ 2022-23 സാമ്പത്തിക വർഷത്തെ ചെലവ് തുക 2,19,850/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും, അടിയന്തിരമായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി വനിതകൾക്ക് ഉപയോഗപ്പെടുന്ന വിധം വെൽനസ്സ് സെന്ററിന്റെ പ്രവർത്തനം ആരംഭിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. കൂടാതെ 169/23-24 നമ്പർ പ്രൊജക്ട് പ്രകാരം വാങ്ങിയ ഉപകരണങ്ങളുടെ വാറണ്ടി സംബന്ധിച്ച വിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**1-27 വയോജനങ്ങൾക്ക് കട്ടിൽ - പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ**

വയോജനങ്ങൾക്ക് കട്ടിൽ വിതരണം ചെയ്യുന്നതിനായി 2022-23 സാമ്പത്തിക വർഷം ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന രണ്ട് പ്രൊജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്

| ക്രമ നം. | 1 | 2 |
|---|---|---|
| പ്രൊജക്റ്റ് | 45/22-23, വയോജനങ്ങൾക്ക് കട്ടിൽ | 222/22-23 , വയോജനങ്ങൾക്ക് കട്ടിൽ വിതരണം - ജനറൽ |
| അടങ്കൽ | 2,50,250/-<br>[ വികസന ഫണ്ട് (പൊതു വിഭാഗം)- 2,50,000<br>തനത് ഫണ്ട് - 250 ] | 3,08,850 /-<br>[വികസന ഫണ്ട് (പൊതു വിഭാഗം)- 3,06,400<br>തനത് ഫണ്ട് - 2,450 ] |
| ചെലവ് | 2,47,632 /-<br>[സാംഖ്യ ബിൽ നം. 289/22-23 തീയതി 13.03.2023] | 3,08,700 /-<br>[സാംഖ്യ ബിൽ നം. 324/22-23 തീയതി 20.03.2023 – 1,54,350/-<br>സാംഖ്യ ബിൽ നം. 352/22-23 27.03.2023 – 1,52,050/-<br>സാംഖ്യ ബിൽ നം. 353/22-23 27.03.2023 – 2,300/-] |

പ്രൊജക്റ്റ് നടപ്പാക്കിയതിലെ അപാകതകൾ താഴെ ചേർക്കുന്നു.

**ഒരേ ആവശ്യത്തിനായി രണ്ട് പ്രൊജക്ടുകൾ രൂപീകരിച്ചു**

മേൽപറഞ്ഞ രണ്ട് പ്രൊജക്ടുകളും ഒരേ ആവശ്യത്തിനായി രൂപീകരിച്ചിട്ടുള്ളവയാണ്. ഒരു സാമ്പത്തിക വർഷം ഒരേ വിഭാഗത്തിൽപെട്ട ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനായി ഒരേ ഫണ്ടിൽ നിന്ന് വകയിരുത്തൽ നടത്തി രണ്ട് പ്രൊജക്ടുകൾ രൂപീകരിച്ച് നടപ്പാക്കിയത് എന്തിനാണെന്ന് വ്യക്തമല്ല.

**സബ്സിഡി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ആനുകൂല്യം നൽകി**

കട്ടിൽ വിതരണത്തിനായി ഗ്രാമസഭകളുടെ അംഗീകാരത്തോടെ തയ്യാറാക്കിയ ഗുണഭോക്തൃപട്ടികയിൽ 315 പേരാണ് ഉള്ളത്. പ്രസ്തുത പട്ടിക 20.09.2022ന് ചേർന്ന ഗ്രാമപഞ്ചായത്ത് ഭരണസമിതി 1(2) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് നിർവ്വഹണോദ്യോഗസ്ഥയ്ക്ക് കൈമാറിയിരുന്നു. 45/22-23 നമ്പർ പ്രൊജക്റ്റ് പ്രകാരം 65 വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകാനാണ് ഉദ്ദേശിച്ചിരുന്നത്.

തദ്ദേശ ഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതിയും പ്രൊജക്റ്റുകളും തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട സബ്സിഡി, ധനസഹായം, അനുബന്ധവിഷയങ്ങൾ എന്നിവ സംബന്ധിച്ച് 28.05.2022ലെ (കൈ)115/2022/ തസ്വഭവ നമ്പരായി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖയുടെ അനുബന്ധത്തിന്റെ ഖണ്ഡിക 7.1.14(2) പ്രകാരം നിരാലംബരായ 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്കും ശയ്യാവലംബരായ വയോജനങ്ങളല്ലാത്ത നിർദ്ധനരോഗികൾക്കുമാണ് കട്ടിലുകൾ വാങ്ങി നൽകാവുന്നത്. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ ഗുണഭോക്തൃപട്ടികയിൽ നിരാലംബരായ 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾ അപേക്ഷകരായി ഇല്ലാത്തതിനാലും നിർദ്ധനരോഗികൾ കുറവായതിനാലും പദ്ധതി പൂർത്തീകരിക്കുവാൻ ബുദ്ധിമുട്ടുണ്ടെന്ന് നിർവ്വഹണോദ്യോഗസ്ഥ 13.12.2022 ലെ ഐ.സി.ഡി.എസ്/6/21നമ്പർ കത്ത് പ്രകാരം ഗ്രാമപഞ്ചായത്തിനെ അറിയിക്കുകയുണ്ടായി. എന്നാൽ സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരം അർഹരായ ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം ചെയ്യുന്നതിന് പകരം ശാരീരികമായി അവശത അനുഭവിക്കുന്ന 60 വയസ്സിന് മുകളിൽ പ്രായമുള്ള നിലവിലെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട എല്ലാവർക്കും ആനുപാതിക ക്രമത്തിൽ ആനുകൂല്യം നൽകുന്നതിനാണ് 16.12.2022 തീയതിയിലെ 1(7) നമ്പർ തീരുമാനപ്രകാരം ഭരണസമിതി ഐക്യകണ്ഠേന തീരുമാനിച്ചത്. അതിനായി പ്രസ്തുത തീയതിയിലെ 1(8) നമ്പർ തീരുമാനപ്രകാരം ഓരോ വാർഡിലും ആനുകൂല്യം നൽകേണ്ടവരുടെ എണ്ണവും ഭരണസമിതി നിശ്ചയിച്ചു നൽകിയിട്ടുണ്ട്. ഭരണസമിതി നിശ്ചയിച്ച് നൽകിയ അനുപാതത്തിനനുസരിച്ച് 45/22-23 നമ്പർ പ്രോജക്റ്റിൽ ആകെ 84 ഗുണഭോക്താക്കൾക്ക് കട്ടിൽ നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം 60 വയസ്സ് കഴിഞ്ഞ നിരാലംബരായ വയോജനങ്ങൾക്കാണ് കട്ടിൽ നൽകേണ്ടത് എന്നിരിക്കെ ആയതിന് വിരുദ്ധമായി നിരാലംബരാണോ അല്ലയോ എന്ന് പരിഗണിക്കാതെ 60 വയസ്സിന് മുകളിൽ പ്രായമുള്ള ശാരീരികമായി അവശത അനുഭവിക്കുന്ന മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകാൻ തീരുമാനമെടുത്തത് ശരിയായ നടപടിയല്ല.

**ഫണ്ട് ലഭ്യത മാത്രം പരിഗണിച്ച് പ്രൊജക്റ്റ് നടപ്പാക്കി**

45/22-23 നമ്പർ പ്രൊജക്റ്റിൽ വകയിരുത്തിയ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് അർഹരായ ഗുണഭോക്താക്കൾ പോലും ഗുണഭോക്തൃപട്ടികയിൽ ഇല്ലെന്നിരിക്കെ ഇതേ ആവശ്യത്തിനായി മറ്റൊരു പ്രൊജക്റ്റ് കൂടി (222/22-23) ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പാക്കുകയായിരുന്നു. വികസനഫണ്ടിന്റെ ലഭ്യത കൂടുതൽ ഉള്ളതിനാൽ വയോജനക്ഷേമം ഉറപ്പു വരുത്തുക എന്ന ലക്ഷ്യത്തോടെ നിലവിലുള്ള ഗുണഭോക്തൃ ലിസ്റ്റിലെ അർഹരായ കൂടുതൽ പേർക്ക് കട്ടിൽ നൽകുവാനാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നതെന്നാണ് പ്രൊജക്റ്റ് രേഖയിൽ വിവരിച്ചിട്ടുള്ളത്. ഈ പ്രൊജക്റ്റിലും ഓരോ വാർഡിലും ആനുകൂല്യം നൽകേണ്ടവരുടെ എണ്ണം ഭരണസമിതി നിശ്ചയിച്ചു നൽകിയിട്ടുണ്ട് (13.03.2023 ലെ 1(3) നമ്പർ തീരുമാനം). ആയതിനനുസരിച്ച് പ്രൊജക്റ്റ് പ്രകാരം ആകെ 90 ഗുണഭോക്താക്കൾക്ക് കട്ടിൽ നൽകിയിട്ടുണ്ട്. അർഹരായ ഗുണഭോക്താക്കൾ ഇല്ല എന്ന് നിർവ്വഹണോദ്യോഗസ്ഥ തന്നെ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിലും കൂടുതൽ ഫണ്ട് ലഭ്യമാണ് എന്നത് കൊണ്ട് മാത്രം പ്രൊജക്റ്റ് ആവിഷ്കരിച്ച് അനർഹരായ ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം ചെയ്തത് വലിയ വീഴ്ചയാണ്. ഗ്രാമപഞ്ചായത്തിന്റെ മറ്റ് വികസനപദ്ധതികൾക്ക് ഉപകരിക്കുമായിരുന്ന വലിയൊരു തുകയാണ് ഇത്തരത്തിൽ നിരുത്തരവാദപരമായി പ്രൊജക്റ്റ് ആവിഷ്കരിച്ച് നടപ്പാക്കിയത് മൂലം നഷ്ടമായിട്ടുള്ളത്.

**അർഹരായ ഗുണഭോക്താക്കളെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയില്ല**

മേൽപ്പറഞ്ഞ രണ്ട് പ്രൊജക്റ്റുകളിലുമായി താഴെപറയും പ്രകാരം ആകെ 174

ഗുണഭോക്താക്കൾക്കാണ് കട്ടിലുകൾ വിതരണം ചെയ്തിട്ടുള്ളത്.

| പ്രൊജക്റ്റ് | കട്ടിൽ ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| 45/22-23 | 84 |
| 222/22-23 | 90 |
| ആകെ | 174 |

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ ഗുണഭോക്തൃപട്ടികയിൽ നിരാലംബരായ 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾ ഇല്ലെന്നും നിർദ്ധനരോഗികൾ കുറവാണെന്നും നിർവ്വഹണോദ്യോഗസ്ഥ ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ കട്ടിലുകൾ ലഭിച്ചിട്ടുള്ള മേൽപ്പറഞ്ഞ 174 ഗുണഭോക്താക്കളിൽ എത്ര പേർ യഥാർത്ഥത്തിൽ ആയതിന് അർഹരാണ് എന്ന് വ്യക്തമല്ല. ഇതു സംബന്ധിച്ച വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ അനർഹർക്ക് കട്ടിൽ വിതരണം ചെയ്തതു വഴി ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടം പരിശോധിച്ച് തീർച്ചപ്പെടുത്താൻ സാധിച്ചിട്ടില്ല.

**<u>കട്ടിലുകൾ വ്യത്യസ്ത നിരക്കിൽ വാങ്ങി</u>**

98 മിറ്റർ നീളവും 90 സെമി വീതിയും ഉള്ളതും, 8 മി.മി കനമുള്ള പ്ലൈവുഡ് ഉറപ്പിച്ചതുമായ ആഞ്ഞിലി/ മഹാഗണി തടിയിൽ പണിത കട്ടിലുകൾ ലഭ്യമാക്കുന്നതിനാണ് മേൽ പ്രൊജക്റ്റുകളുടെ ഭാഗമായി ടെണ്ടർ ക്ഷണിച്ചിരുന്നത്. വാങ്ങലിനായി രണ്ട് പ്രൊജക്റ്റുകളിലും വെവ്വേറെ ടെണ്ടറുകളാണ് നടത്തിയിട്ടുള്ളത്. അതു പ്രകാരം കട്ടിലുകൾ വാങ്ങിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റ് | ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങളുടെ എണ്ണം | കട്ടിൽ സപ്ലൈ ചെയ്ത സ്ഥാപനം | നിരക്ക് / വാങ്ങിയ കട്ടിലുകളുടെ എണ്ണം |
|---|---|---|---|---|
| 1 | 45/22-23 | 3 | കെ.പി ഫർണ്ണീച്ചർ, കാരന്തൂർ | 2,948/- (84 എണ്ണം) |
| 2 | 222/22-23 | 5 | കൃഷ്ണ വുഡ് ഇൻഡസ്ട്രീസ് കടലുണ്ടി | 3430/- (90 എണ്ണം) |

222/22-23 നമ്പർ പ്രൊജക്റ്റിൽ 90 കട്ടിലുകൾ വാങ്ങിയിട്ടുള്ളത് 45/22-23 നമ്പർ പ്രൊജക്റ്റിൽ വാങ്ങിയിട്ടുള്ളതിനേക്കാൾ 482/- രൂപ അധികനിരക്കിലാണ്. കട്ടിലുകൾ വിതരണം ചെയ്യുന്നതിനായി കെ.പി ഫർണ്ണീച്ചർ എന്ന സ്ഥാപനവുമായി കരാർ നിലനിൽക്കെ തന്നെ രണ്ടാമതൊരു ടെണ്ടർ കൂടി നടത്തി ഒരേ സ്പെസിഫിക്കേഷനോടു കൂടിയ കട്ടിലുകൾ അധിക നിരക്കിൽ വാങ്ങിയത് എന്തിനെന്ന് വ്യക്തമല്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 21/2022-23 തീയതി 20.10.2023) മറുപടി ലഭിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. സബ്സിഡി മാർഗ്ഗരേഖയിലെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ആനുകൂല്യം നൽകിയ നടപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. മാനദണ്ഡ പ്രകാരം അർഹരല്ലാത്ത എത്ര ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട് എന്ന വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ മേൽ പ്രൊജക്റ്റുകളിലെ ആകെ ചെലവ് തുക 5,56,332/- രൂപ നിർവ്വഹണോദ്യാഗസ്ഥയുടെ പേരിൽ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. ആനുകൂല്യം കൈപ്പറ്റിയ അനർഹരായ ഗുണഭോക്താക്കളുടെ വിവരം അടിയന്തിരമായി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. അതിനനുസരിച്ച് സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാതെ ആനുകൂല്യം വിതരണം ചെയ്തതിന് ചെലവായ തുക ഇതു സംബന്ധിച്ച് 16.12.2022 ലെ ഭരണസമിതി യോഗത്തിൽ തീരുമാനമെടുത്ത അംഗങ്ങളുടെയും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും വ്യക്തിപരമായ ബാധ്യതയായി നിജപ്പെടുത്തുന്നതാണ്.

**1-28 തിരസ്കൃതമാലിന്യങ്ങൾ കയ്യൊഴിയൽ – ഗ്രാമപഞ്ചായത്തിന് വലിയ തുക ചെലവ്**

| | |
|---|---|
| പ്രൊജക്റ്റ് | 16/22-23, മാലിന്യ നിർമ്മാർജ്ജനം |
| അടങ്കൽ | 6,00,000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 5,99,293/-<br>(സാംഖ്യ ബിൽ നം. 241/22-23 തീയതി 21.02.23 – 561459/-<br>സാംഖ്യ ബിൽ നം. 418/22-23 തീയതി 28.03.23 - 37834/-) |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, എരവട്ടൂർ സർക്കിൾ |

മാലിന്യം കൈകാര്യം ചെയ്യുന്നതിനായി പഞ്ചായത്ത് ഫണ്ടിൽ നിന്ന് വൻ തുക ചെലവു ചെയ്യുന്നതിലെ അപാകത 2020-21ലെ ഓഡിറ്റ് റിപ്പോർട്ടിൽ (ഖണ്ഡിക 1-29) പരാമർശിച്ചിരുന്നു. എന്നാൽ തിരസ്കൃത മാലിന്യം നീക്കം ചെയ്യുന്നതിനായി 2022-23 സാമ്പത്തിക വർഷത്തിലും ഗ്രാമപഞ്ചായത്ത് വലിയ തുക ചെലവഴിച്ചിട്ടുണ്ട്. മാലിന്യ നിർമ്മാർജ്ജന പ്രൊജക്റ്റ് കൈകാര്യം ചെയ്തിട്ടുള്ള നിർവഹണോദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം 27.08.2022 മുതൽ 24.03.2023 വരെയുള്ള കാലയളവിലായി ആകെ 81,260 കിലോ ഗ്രാം തിരസ്കൃതമാലിന്യം നീക്കം ചെയ്തതിന് മേൽ പ്രൊജക്റ്റ് പ്രകാരം "ഗ്രീൻ വേംസ് എക്കോ സൊല്യൂഷൻസ് " എന്ന സ്ഥാപനത്തിന് 5,99,293/- രൂപ നൽകിയിട്ടുണ്ട്.

വൻതുക ചെലവ് ചെയ്ത് കയ്യൊഴിഞ്ഞിട്ടുള്ളതിൽ വാതിൽപ്പടി സേവനത്തിലൂടെ ഹരിതകർമ്മ സേന ശേഖരിച്ചിട്ടുള്ള തിരസ്കൃത മാലിന്യവും, പൊതു ഇടങ്ങളിൽ നിന്നുള്ള മാലിന്യവും ഉൾപ്പെടുന്നുണ്ട് എന്നാണ് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ അറിയിച്ചിട്ടുള്ളത്. എന്നാൽ ഹരിതകർമ്മസേന ശേഖരിച്ച മാലിന്യത്തിന്റെയും പൊതു ഇടങ്ങളിൽ നിന്ന് ശേഖരിച്ച മാലിന്യത്തിന്റെയും വേർതിരിച്ചുള്ള അളവ് വിവരങ്ങൾ നിർവ്വഹണോദ്യോഗസ്ഥൻ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അവനവന്റെ മാലിന്യം അവനവന്റെ തന്നെ ഉത്തരവാദിത്തമാണ്. വാതിൽപ്പടി സേവനത്തിലൂടെ ശേഖരിക്കുന്ന തിരസ്കൃത മാലിന്യം കൈകാര്യം ചെയ്യുന്നതിന് ബന്ധപ്പെട്ട സ്രോതസ്സുകളിൽ നിന്ന് തന്നെ പ്രത്യേകം തുക ഈടാക്കാമെന്നിരിക്കെ പ്രസ്തുത ബാധ്യത പഞ്ചായത്ത് ഫണ്ടിൽ നിന്ന് വഹിക്കുന്നത് ശരിയായ നടപടിയല്ല.

ഗ്രാമപഞ്ചായത്തിലെ പൊതു ഇടങ്ങളിൽ നിന്ന് ശേഖരിക്കുന്ന മാലിന്യങ്ങൾ നിലവിൽ വേർതിരിക്കലിന് ശേഷമല്ല കയ്യൊഴിഞ്ഞു വരുന്നത്. അതു മൂലം അവയിലെ പുനരുപയോഗപ്രദമായ മാലിന്യങ്ങൾക്ക് വില കിട്ടുന്നില്ല എന്നു മാത്രമല്ല അവയ്ക്കും തിരസ്കൃത മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള നിരക്ക് പ്രകാരമുള്ള തുക ഏജൻസിക്ക് നൽകേണ്ടി വരുന്നുണ്ട്. ഇത് ഗ്രാമപഞ്ചായത്തിന് സാമ്പത്തിക നഷ്ടത്തിനിടയാക്കുന്നുണ്ട്.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17/2022-23

തീയതി 20.10.2023) മറുപടി ലഭിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും തിരസ്കൃത മാലിന്യങ്ങൾ നിക്കം ചെയ്യുന്നതിനായി വൻ തുക ചെലവഴിക്കേണ്ടി വരുന്നത് ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**1-29 നീലോത്ത് മീത്തൽ കുടിവെള്ള പദ്ധതി - മോട്ടോർ സ്ഥാപിക്കൽ**

പ്രൊജക്റ്റ് നമ്പർ - 172/22-23

അടങ്കൽ - 2,41,100/-

ചെലവ് - 2,33,142/-

ബിൽ നം – 299/22-23 തീയതി, 15/03/23

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

നീലോത്ത് മീത്തൽ കുടിവെള്ള പദ്ധതിക്ക് മോട്ടോർ സ്ഥാപിക്കുന്നതിനായി പി.ഡബ്ല്യൂ.ഡി, ഇലക്ട്രിക് ഡിവിഷൻ, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ എസ്റ്റിമേറ്റ് പ്രകാരം 233,142/- രൂപ പി.ഡബ്ല്യൂ.ഡിയിൽ 17.03.2023 ന് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

16.10.2023 ന് കുടിവെള്ള പദ്ധതി സന്ദർശിച്ചപ്പോൾ, മോട്ടോർ സ്ഥാപിച്ചതായി നേരിൽ കണ്ടു. എന്നാൽ, 3 ഫേസ് വൈദ്യുതി കണക്ഷൻ ലഭിക്കാത്തതിനാൽ നാളിതുവരെയായി കുടിവെള്ള വിതരണം നടത്തിയിട്ടില്ല.

അത്യാവശ്യം വേണ്ട വൈദ്യുതി കണക്ഷൻ ലഭ്യമാക്കാതെ, മോട്ടോർ മാത്രം സ്ഥാപിച്ച്, ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭ്യമാക്കാതെ പദ്ധതിപ്പണം ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (06/22-23) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദ മറുപടി ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 2,33,142/- രൂപ തടസ്സപ്പെടുത്തുന്നു.

**1-30 തുക കൈമാറിയെങ്കിലും മുഴുവൻ തുകയ്ക്കുള്ള മരുന്നും ലഭ്യമായില്ല**

മെഡിക്കൽ ഓഫീസർ ഹോമിയോ നിർവ്വഹണോദ്യോഗസ്ഥനായി പ്രോജക്റ്റ് നമ്പർ 123/22-23 ലൂടെ ഹോമിയോ ഡിസ്പൻസറിയിലേയ്ക്കാവശ്യമായ മരുന്നിനായി 2,00,000/- രൂപ ഹോംകോയ്ക്ക് ബിൽ നമ്പർ 223/08-02-2023 പ്രകാരം കൈമാറിയിട്ടുണ്ട്. എന്നാൽ തുക കൈമാറിയെങ്കിലും മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല. 1,10,869/-രൂപയ്ക്കുള്ള മരുന്ന് മാത്രമാണ് ഹോംകോയിൽ നിന്നും നാളിതുവരെയായി ലഭ്യമായിട്ടുള്ളത്. ബാക്കി 89,131/- രൂപയുടെ മരുന്നു ലഭ്യമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും മരുന്ന് ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ചെലവ് തുക 89,131/- രൂപ തടസ്സപ്പെടുത്തുന്നു.

**1-31 മെറ്റീരിയൽ കലക്ഷൻ ഫെസിലിറ്റി സൗകര്യങ്ങൾ അപര്യാപ്തം**

പേരാമ്പ്ര ഗ്രാമപഞ്ചായത്തിന്റെ മെറ്റീരിയൽ കലക്ഷൻ ഫെസിലിറ്റി (എം.സി.എഫ്) പേരാമ്പ്ര അങ്ങാടിയിലെ ഇന്നർ മാർക്കറ്റിലുള്ള കെട്ടിടത്തിലാണ് പ്രവർത്തിച്ചിരുന്നത്. എന്നാൽ 13.06.2023 ന് രാത്രിയുണ്ടായ തീപ്പിടുത്തത്തിൽ കെട്ടിടത്തിന് കേടുപാടുകൾ സംഭവിക്കുകയും തരംതിരിച്ച് വച്ചിരുന്ന മാലിന്യങ്ങളും ബെയിലിങ്ങ് മെഷിൻ അടക്കമുള്ള മറ്റ് സാമഗ്രികളും കത്തിനശിക്കുകയും ചെയ്തതിനെ തുടർന്ന് എം.സി.എഫ് താൽക്കാലികമായി പേരാമ്പ്ര മിനി സിവിൽ സ്റ്റേഷന് സമീപമുള്ള കെട്ടിടത്തിലേക്ക് മാറ്റിയിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിലെ സൗകര്യങ്ങൾ തീർത്തും അപര്യാപ്തമാണ് (ഖണ്ഡിക 1-28 കൂടി കാണുക). എം.സി.എഫിന് ആവശ്യമായ സൗകര്യങ്ങളോട് കൂടിയ കെട്ടിടം ഒരുക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 1-32 സി.എഫ്.സി ഗ്രാന്റ് തുകയുടെ വരവ് ചെലവുകൾ പൊരുത്തപ്പെടുന്നില്ല

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ പഞ്ചായത്തിൽ 2022-23 വർഷം വരവ് വന്നതും ചെലവഴിച്ചതുമായ തുകകളിൽ വാർഷിക കണക്കും ചെലവ് പത്രികയും എ.സി.ആറും തമ്മിൽ ചുവടെ കൊടുത്ത പ്രകാരം പൊരുത്തപ്പെടുന്നില്ല.

1) CFC-UnTied (PFMS) ഓപ്പണിംഗ് ബാലൻസായി എടുത്തിരിക്കുന്നത് 2021-22 B-17ലെ നീക്കിയിരുപ്പാണ്. എന്നാൽ ഈ നീക്കിയിരിപ്പ് 2021-22 B-4 ലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല.

2) CFC-UnTied (PFMS) വരവ് എ.സി.ആർ പ്രകാരം 3,973,000/- രൂപയും പലിശ വരവ് 272,565/-രൂപയുമാണ്. അതായത് ആകെ 4,245,565/-രൂപയാണ് വരവ്. എന്നാൽ വാർഷിക കണക്കിലെ RP(30)പ്രകാരം വരവ് 4,225,005/- രൂപയാണ്.

3) സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റിന്റെ ആകെ ചെലവ്, ചെലവ് പത്രിക പ്രകാരം 9,185,985/-രൂപയാണ്. എന്നാൽ എ.സി.ആർ പ്രകാരം ആകെ ചെലവ് 9,381,287/-രൂപയാണ്. വ്യത്യാസം 179,468/-രൂപ എങ്ങിനെ വന്നു എന്ന് ഓഡിറ്റ് വേളയിൽ അക്കൗണ്ടന്റിന് വിശദീകരിക്കാൻ കഴിഞ്ഞിട്ടില്ല.

4) എ.സി.ആർ പ്രകാരം സി.എഫ്.സി ബേസിക് ഗ്രാന്റ് നീക്കിയിരിപ്പ് 5,383,104/- രൂപയാണ്. എന്നാൽ B-17പ്രകാരം 5,562,572/- രൂപയാണ് നീക്കിയിരിപ്പ്. 179,468/- രൂപ നീക്കിയിരുപ്പ് അധികമായി കാണുന്നു. ഇത് എപ്രകാരമാണ് എന്ന് വ്യക്തമാക്കി തരാൻ അക്കൗണ്ടന്റിന് കഴിഞ്ഞിട്ടില്ല. റിക്കൺസിലിയേഷനിലും ഈ വ്യത്യാസം ക്രമീകരിച്ചിട്ടില്ല.

5) വാർഷിക കണക്ക് B-4സ്റ്റേറ്റ്മെന്റ് പ്രകാരം CFC-PFMS നീക്കിയിരിപ്പ് 12,875,326/-രൂപയാണ്. എന്നാൽ B-17പ്രകാരം നീക്കിയിരിപ്പ് 5,562,572/-രൂപയാണ്. ഇത്രയും വലിയ തുക വ്യത്യാസമുള്ളതിന് വിശദീകരണം നൽകേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദ മറുപടി ലഭ്യമാക്കേണ്ടതും സി.എഫ്.സി വരവ് ചെലവ് നീക്കിയിരിപ്പിൽ കൃത്യത വരുത്തി അറിയിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2022-23 | 17.10.2023, 19.10.2023 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്-പേരാമ്പ്ര | 2022-23 | 200000 | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | 200000 | 0 |
| | 2022-23 | 240000 | ഭിന്നശേഷി സ്കോളർഷിപ്പ് | 240000 | 0 |
| | 2022-23 | 70000 | അതി ദരിദ്രർക്ക് വീട് നിർമ്മാണം | 70000 | 0 |
| | 2022-23 | 400000 | ലൈഫ് ഭവന പദ്ധതി എസ്.സി | 400000 | 0 |
| | 2022-23 | 220960 | കാലിത്തീറ്റ സബ്സിഡി | 220960 | 0 |
| ജില്ലാ പഞ്ചായത്ത് കോഴിക്കോട് | 2022-23 | 200000 | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | 200000 | 0 |
| | 2022-23 | 200000 | ഭിന്നശേഷി സ്കോളർഷിപ്പ് | 200000 | 0 |
| | 2022-23 | 1140000 | ലൈഫ് ഭവന പദ്ധതി എസ്.സി | 1140000 | 0 |

| | | | | | |
|---|---|---|---|---|---|
| | 2022-23 | 50000 | കാലിത്തീറ്റ സബ്സിഡി | 50000 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തി യുടെ പേര് | വൗച്ചർ നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴി ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| പി.ഡബ്ലിയൂ.ഡി ഇലക്ട്രിക്കൽ | നീലോത്ത് മീത്തൽ കുടിവെള്ള പദ്ധതി | - | 233142 | 0 | 233142 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻ തൻ വർഷം എടുത്ത വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കാർഷിക വിപണന കേന്ദ്രം നിർമ്മാണം (KURDFC) | ജി.ഓ. (എം.എസ്) 2283/2015 തീ. 25-07-2015 | - | 1,96,57,257 | - | 963327 (RP 15) | 16123077 |
| ലൈഫ് മിഷൻ ഭവനപദ്ധതി | ജി.ഓ. (എം.എസ്) 68/2018 തീ. | 23,40,000 (RP 31) | 23427459 | 2965085 (GD Project) | | 22802374 |

| | | | | | | |
|---|---|---|---|---|---|---|
| (HUDCO) | 18-05-2018 | | | | | |
| ആകെ | | 4232710 | 43484716 | 6335938 | 2456037 | 38925451 |

കാർഷിക വിപണന കേന്ദ്രത്തിനായെടുത്ത വായ്പയുടെ തിരിച്ചടവ് സംബന്ധിച്ച വിവരം ലഭ്യമല്ല. വാർഷിക കണക്ക് പ്രകാരം ലഭ്യമായ വിവരങ്ങൾ മാത്രമാണ് പട്ടികയിൽ കൊടുത്തിരിക്കുന്നത്. ലോൺ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ലോൺ/ലോൺ തിരിച്ചടവ് വിവരങ്ങളുടെ ആധികാരികത ഉറപ്പിക്കാൻ സാധിച്ചിട്ടില്ല. KURDFC ലോൺ തിരിച്ചടവായി പ്രൊജ. നം. 110 പ്രകാരം 50,26,890/- രൂപ തനത് ഫണ്ട് ചെലവുണ്ട്. എന്നാൽ ഇത് ചെലവ് പത്രികയിലല്ലാതെ AFS ൽ കാണിച്ചിട്ടില്ല.

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 10000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ഇ.എം.എസ് മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ & റിസർച്ച് സെന്റർ ഷെയർ<br>ഷെയർ നം-4888, തീ- 16-06-2001 | 10000 |
| ആകെ | 10000 |

പഞ്ചായത്തിൽ സ്ഥിര നിക്ഷേപ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/ തിയ്യതി |
|---|---|---|---|---|
| 2021-22 | 1-12 | 4,800 | ഇ.കെ പ്രകാശൻ | 1220300030 തീ.21.2.23 |

| | | | | |
|---|---|---|---|---|
| 2021-22 | 1-12 | 6,600 | സി.കെ മെറ്റീരിയൽസ് | 1220210873 തീ.28.2.23 |
| 2021-22 | 1-12 | 2,400 | അൽ റയ്ദാൻ ഹബ | 1220211246 തീ.4/3/23 |
| 2021-22 | 1-12 | 3,600 | എ.ബി ജ്വല്ലറി | 1220214232 തീ.31.3.23 |
| 2002-03 | 2-8 | 3,900 | ന്യൂ ഭാരത് ടയേഴ്സ്, പേരാമ്പ്ര | 1220210411 തീ.23.2.23 |
| ആകെ | | 21,300 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 3-2 | 2006-07 | 3.79.18.7, | റോഡ് പ്രവൃത്തി പൂർത്തിയാക്കിയില്ല. | പരാമർശം നിലനിൽക്കുന്നു |
| പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | -- | 2013-14 | 5.1.5.2, | ജല സ്രോതസ്സുകളിലെ മാലിന്യ കുമ്പാരം | പരാമർശം നിലനിൽക്കുന്നു |
| | | 2013-14 | 5.1.5.3, | ജല സ്രോതസ്സുകളുടെ സംരക്ഷണം കാര്യക്ഷമമല്ല | പരാമർശം നിലനിൽക്കുന്നു |
| | | 2013-14 | 5.1.5.4, | പൊതു കിണറുകൾ | പരാമർശം നിലനി |

| | | | | | |
|---|---|---|---|---|---|
| | | | | സംരക്ഷിക്കപ്പെടുന്നില്ല. | ൽക്കുന്നു |
| | | 2013-14 | 5.1.5.8, | മഴവെള്ള സംഭരണി പരാജയം | പരാമർശം നിലനിൽക്കുന്നു |
| | | 2013-14 | 5.1.5.11, | കുടിവെള്ള പദ്ധതി പ്രവർത്തന രഹിതം | |
| | | 2013-14 | 5.1.5.12, | വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം തൃപ്തികരമല്ല. | പരാമർശം നിലനിൽക്കുന്നു |
| | | 2013-14 | 5.1.5.13, | ഗുണഭോക്തൃ സമിതി കൈമാറിയില്ല. ആസ്ഥി സംരക്ഷണം കാര്യക്ഷമമല്ല | പരാമർശം നിലനിൽക്കുന്നു |
| | | 2013-14 | 5.1.5.17, | വെള്ളക്കരം കുടിശ്ശിക | പരാമർശം നിലനിൽക്കുന്നു |
| പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് | | 2015-16 | 3.6.1, | എസ്സ്.സി – എസ്സ്.ടി അടിസ്ഥാന സൌകര്യ വികസനം | പരാമർശം നിലനിൽക്കുന്നു |
| പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് | | 2015-16 | 3.7.13. | പദ്ധതി മാർഗ്ഗരേഖ അവഗണിച്ചു | പരാമർശം നിലനിൽക്കുന്നു |

| | | | | | |
|---|---|---|---|---|---|
| 2015-16 | 3-3 | 2016-17 | 6(എ).1.10 | ആശ്രയ വീടിന് സ്ഥലം ആവശ്യമുള്ളവർ | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 3-3 | 2016-17 | 6(എ)2.2 | വീട് റിപ്പയർ | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 3-3 | 2016-17 | 6(എ).3.4 | കുടിവെള്ളം | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 3-3 | 2016-17 | 6(ബി) | ധനവിനിയോഗം സാധ്യമാകാത്തത് | പരാമർശം നിലനിൽക്കുന്നു |
| 2014-15 | 2-3 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി അപാകതകൾ | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 2-6 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി അപാകതകൾ | പരാമർശം നിലനിൽക്കുന്നു |

## 4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | അടവാക്കാൻ ബാക്കി | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|
| | | | | നമ്പരും | തുക | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | തീയതിയും | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 1 | 2008-09 | 2-10 | ശ്രീ.ജോയ്സി | എൽഎഫ് 7321/സ്പെ. സെൽ സി.എസ്. സി/ ഡി2/ 2012 തിയതി. 21.02.2013 | 16392 | 6660 | 9732 | 9732 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ). സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (രസീത് ആന്റ് പേമെന്റ് പ്രകാരം) | 8,22,34,811/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (രസീത് ആന്റ് പേമെന്റ് പ്രകാരം) | 6,61,61,142/- |
| വരവിനത്തിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 63,20,503/- |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-15 | 10,500/- | ഷിജു.എൽ.എൻ, സെക്രട്ടറി |
| 1-18 | 36,58,124/- | ജിഷ,ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 1-20 | 2,26,249/- | ശശികുമാർ.ആർ, അസി.എഞ്ചിനിയർ |
| 1-21 | 9,07,462/- | ശശികുമാർ.ആർ, അസി.എഞ്ചിനിയർ |
| 1-22 | 4,19,713/- | ശശികുമാർ.ആർ, അസി.എഞ്ചിനിയർ |
| 1-26 | 2,19,850/- | ശശികുമാർ.ആർ, അസി.എഞ്ചിനിയർ |
| 1-27 | 5,56,332/- | രേഷ്മ.കെ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-29 | 2,33,142/- | ഷിജു.എൽ.എൻ, സെക്രട്ടറി |
| 1-30 | 89,131/- | ഡോ.നർദ.ബി, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| ആകെ | 63,20,503/- | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഷിജു.എൽ.എൻ, സെക്രട്ടറി | സെക്രട്ടറി, പെരുമണ്ണ ഗ്രാമ പഞ്ചായത്ത് | പുതുക്കുടി(വീട്), പനങ്ങാട്.പി.ഒ |
| ജിഷ,ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ, പേരാമ്പ്ര | കിഴക്കെ പള്ളിച്ചാലിൽ, ചേനോളി പോസ്റ്റ്, പേരാമ്പ്ര,കോഴിക്കോട് |
| ശശികുമാർ.ആർ, അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ, പേരാമ്പ്ര | ഡാഫോഡിൽസ്, പെരുമാൾപുരം, തിക്കോടി പോസ്റ്റ്, കോഴിക്കോട് |
| രേഷ്മ.കെ, എെ.സി.ഡി.എസ് സൂപ്പർവൈസർ | എെ.സി.ഡി.എസ് സൂപ്പർവൈസർ, പേരാമ്പ്ര | കണ്ണോത്ത്,കോട്ടൂർ പോസ്റ്റ്, നടുവണ്ണൂർ, കോഴിക്കോട് |

| | | |
|---|---|---|
| ഡോ.നർദ.ബി, മെഡിക്കൽ ഓഫീസർ, ഹോമിയോ | മെഡിക്കൽ ഓഫീസർ, ഹോമിയാ ഡിസ്പൻസറി, പേരാമ്പ്ര | ആയിഷാന,പള്ളിപ്പൊയിൽ റോഡ്,ചേളന്നൂർ,673616 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | അവശേഷിക്കുന്ന ഖണ്ഡികകളുടെ വിശദാംശങ്ങൾ |
|---|---|---|---|
| 1996-97 | എൽ.എഫ്.കെ.കെ.ഡി. പി5-402/98 തീ. 12.11.12 | 1 | 32(2) |
| 1999-00 | എൽ.എഫ്.കെ.കെ.ഡി. പി4-1262/11 തീ. 04.10.2011 | 2 | 33,56 |
| 2001-02 | നം.കെ.എസ്.എ.കെ.കെ.ഡി. പി.5/951/2019(1), 05.02.2021 | 2 | 3-2, 3-5 |
| 2002-03 | നം.കെ.എസ്.എ.കെ.കെ.ഡി. പി.5/951/2019(3) , 05.02.2021 | 8 | 2-2, 2-3, 3-1, 3-2, 3-3, 3-5, 3-6, 3-8 |
| 2003-04 | നം.കെ.എസ്.എ.കെ.കെ.ഡി. പി.5/951/2019(3), 05.02.2021 | 4 | 3-4, 3-5, 3-6, 3-7 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി. പി4-644/09 തീ. 05.01.2010 | 2 | 19, 21 |

| | | | |
|---|---|---|---|
| 2006-07 | എൽ.എഫ്.കെ.കെ.ഡി. പി7/465/11 തീ. 04.02.2012 | 13 | |
| 2007-08 | എൽ.എഫ്.കെ.കെ.ഡി. പി 7/2020/11തീ.13.02.2012 | 22 | |
| 2008-09 | എൽ.എഫ്.കെ.കെ.ഡി. പി5/1427/22 തീ. 10.04.2023 | 1 | 3-7 |
| 2009-10, | എൽ.എഫ്.കെ.കെ.ഡി. പി5/954/22 തീ. 10.04.2023 | 6 | 3-1, 3-2, 3-6, 3-10, 3-12, 3-13 |
| 2010-11 | നം.കെ.എസ്.എ.കെ.കെ.ഡി. പി.5/1398/2022 തി.11.04.2023 | 12 | 3-1,3-2,3-3, 3-4, 3-5, 3-6, 3-7, 3-8, 3-10,3-11, 3-13, 3-15 |
| 2011-12 | നം.കെ.എസ്.എ.കെ.കെ.ഡി. പി.5/1427/2022 തി.11.04.2023 | 8 | 2-2, 3-1, 3-3, 3-9, 3-10, (l, li) 3-11 |
| 2012-13 | എൽ.എഫ്.കെ.കെ.ഡി. പി5/1398/22 തീ. 11.04.2023 | 12 | 2-2,3-1,3-3, 3-9, 3-10,(1,11), 3-11,1-7, 3-3, 3-5,3-6, 3-9, 3-11, 3-12 |
| 2013-14 2014-15 | കെ.എസ്.എ.കെ.കെ.ഡി. പി.5/1477/22 തീ. | 2 | 3-2, 3-3 |
| 2015- 16 | കെ.എസ്.എ.കെ.കെ.ഡി.പി.5/1427/22 തീ. 10.04.23 | 6 | 2-6, 3-2,3-3,3-4, 3-5,3-13 |
| 2016-17 | നം.കെ.എസ്.എ.കെ.കെ.ഡി. പി.5/1661/2022 , 11.04.2023 | 4 | 3-2, 3-10, 3-16, 3-17 |
| 2017-18 | നം.കെ.എസ്.എ.കെ.കെ.ഡി. പി.5/554/2022തി.11.04.2023 | 8 | 1-12(1,2,4), 2-2, 2-6, 3-2, 3-10, 3-11 |
| 2018-19 | നം.കെ.എസ്.എ.കെ.കെ.ഡി. പി.5/554/2022 തി.11.04.2023 | 24 | 1-11, 1-12, 1-13, 1-15, 1-16, 1-17, 1-21, 1-22, 1-23, 1-24, 1-25, |

| | | | |
|---|---|---|---|
| | | | 1-26, 1-27, 1-28, 1-29, 1-30, 1-32, 1-33, 1-34, 1-35, 1-36, 1-38, 1-39, 1-41 |
| 2019-20 | നം.കെ.എസ്.എ.കെ.കെ.ഡി. പി.5/357/2022 തി.04.03.2022 | 34 | 1-1 മുതൽ 1-34 വരെ |
| 2020-21 | നം.കെ.എസ്.എ.കെ.കെ.ഡി. പി.5/209/2022 തി.15.05.2023 | 3-1,3-2,3-3,3-4, 3-5, 3-6, 3-7, 3-8, 3-10,3-11, 3-13, 3-15 | 1-4(3,4,5, 6,8,9), 1-5, 1-6(3), 1-7(2), 1-8, 1-9, 1-10, 1-12, 1-14(2,3), 1-16, 1-17, 1-20, 1-24, 1-25, 1-26, 1-27, 1-28, 1-29, 1-30, 1-31, 1-33(1,4), 1-32, 1-36, 3-1 |
| 2021-22 | നം.കെ.എസ്.എ.കെ.കെ.ഡി. പി.5/1427/2022 തി.11.04.2023 നം.കെ.എസ്.എ.കെ.കെ.ഡി. പി.5/227/2023തി.07.03.2023 | 35 | 1-1 മുതൽ 1-31 വരെയും, 2-1, 2-2, 3-1, 3-2, 3-3 എന്നീ ഖണ്ഡി കകളും |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 4(1) dated 07-07-2023 and submitted on 22-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Perambra Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Perambra Grama Panchayat for the year 2022-2023

**Date: 18/12/2023**

**Deputy Director**
**District Office Kozhikode**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Perambra Grama Panchayat for the Year 2022-2023 .

**1.Major Observations**

**Audit Report appended to the Audit Certificate of Perambra Grama Panchayath for the Year 2022-23.**

1) Non-diclosure of assets in assets register & balance sheet

2) Discrepancies/omissions in carry forward of closing balance in the year
in respect of assets.

**2.Other Observations**

1) The mandatory financial statements like cash flow statement, note on account,
Ratios, B-1 statement prescribed in accounting rules are not submitted for audit.

2) Monthly Bank Reconciliation statement not prepared for 3 Treasury

accounts and one bank account.

3) The bank book balance shown in Reconciliation statement of three bank accounts (March 2023) is not matching with the balance in AFS-(B-17).

4) Cheques uncashed for more than 3 Months were not transferred to stale cheque account.

5) Cheque Deposited but not credited in three bank accounts

6) Demand registers of proffesion tax, property tax does not match with Financial statements.

7) Advance register, Investment register, Loan register are not maintained.

8) Lapses in making timely and accurate demand entries in respect of tax and non tax revenue.

9) Grand liability amount shown as liability in balance sheet does not match with bank account opened for the CFC- grand account, MGNREGS

10) No appropriate control register is maintained for joint venture project.

11) No relevant details produced for the balance of Benificiary contribution balance shown in B-4statement.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്